


നമ്മുടെ കൎത്താവ് ഈശോമ്ശിഹായുടെ
കുരിശുമരണം.

കർമ്മല കുസുമം.

പുസ്തകം ൨൧.) മാർച്ച്. (ലക്കം ൧൨.

# മേരിമണവാള കീർത്തനം.

(ഏ. ററി. ദേവസ്സി, എങ്ങണ്ടിയൂർ.)

ബിഹാക് ആദി ("മേരാമൌലാകുലാ," or "കന്താകാരുണ്യനേ") എന്ന രീതി.

പല്ലവി.

മേരീ മണവാളാ! മാർ യൌസേപ്പേ നമോ!
ഭൂരിപുണ്യങ്ങളാൽ പൂരിതനാം താതാ! (മേരീ...)

അനുപല്ലവി.

സച്ചരിതനേ! സല്ലിതാക്കളി—ലദപിതീയനേ! സൽഗുണ— (മേരീ...)
സഞ്ചയനാം താതാ! പഞ്ചലം നീക്കേണേ! നിൻചാരുസദാരംസദയം നൽകണേ!

# പ്രസാധകക്കുറിപ്പുകൾ.

## മീനമാസം.

കേരളത്തിൽ മാർ യൌസേപ്പുപിതാവിന്റെ വണക്കമാസം കൊണ്ടാടാത്ത കത്തോലിക്ക കുടുംബങ്ങൾ ഇപ്പോൾ ചുരുക്കമാണെന്നു പറയാം. കുടുംബപിതാക്കന്മാർ തങ്ങളുടെ കുടുംബങ്ങളേയും, കുടുംബകാര്യങ്ങളേയും ഈ പിതാവിന്റെ സംരക്ഷണയിൽ സമർപ്പിക്കുന്നതിന്നു സദാ ജാഗ്രതകരായിരിക്കുന്നു. നസ്രസിലെ ആ ഭാഗ്യപ്പെട്ട തിരുക്കുടുംബത്തിന്റെ ഛായയിലുള്ള ക്രിസ്തീയ കുടുംബങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനു ഈ മദ്ധ്യസ്ഥന്റെ സങ്കേതം തേടുന്നതിനേക്കാൾ എളുപ്പമുള്ള മാർഗ്ഗം കണ്ടെത്താനില്ല. ഹാ! എത്ര സമാധാനം നിറഞ്ഞ കുടുംബം. ഭാര്യയും ഭർത്താവും തമ്മിൽ എത്രയോജിപ്പ്. ദൈവതിരുമനസ്സിനു എത്ര കീഴ്വഴക്കം. മക്കളെ വേണ്ടപോലെ വളർത്തുന്നതിൽ എത്ര ശുഷ്കാന്തി. ക്രിസ്തീയ കുടുംബ പാലകന്മാരെ! ഈ സ്വർഗ്ഗീയ കുടുംബത്തിന്റെ പ്രതിഛായ നിങ്ങളുടെ കുടുംബങ്ങളിൽ വിളങ്ങുന്നുണ്ടോ? ഇല്ലെങ്കിൽ മാർ യൌസേപ്പിന്റെ സങ്കേതത്തിൽ നിങ്ങൾ പോകുവിൻ. ഈ ലോകത്തിൽവച്ചുതന്നെ നിത്യപരമാനന്ദ ഭവനത്തിന്റെ ഒരു മുൻരുചി നിങ്ങൾക്കു അനുഭവിപ്പാനിടയാകും. കടശി നന്മരണം പ്രാപിച്ച് അന്തമില്ലാത്ത ആ പരലോകവീട്ടിൽ ചെന്നെത്തുന്നതിനും ഈ പിതാവു സഹായിക്കും.

## പീഡാനുഭവ സ്മരണ.

ഗാഗുൽത്തായിലെ ആ ഭയങ്കരനാടകം കണ്ടിട്ടു ഹൃദയമിളകാത്തവനാർ? ഭൂമികുലുങ്ങി; സൂര്യൻ ഇരുണ്ടു; പാറകൾ പിളൎന്നു; ദേവാലയത്തിലെ തിരശ്ശീല രണ്ടായിക്കീറി; മരിച്ചവർ കുഴിടങ്ങളിൽനിന്നുയിർത്തെഴുന്നേററു; അജ്ഞാനി

യായ റോമാസേനാനായകൻ അനുതപിച്ച് മ്ശിഹായിൽ വിശ്വസിച്ചു. ഇതെല്ലാം കണ്ടിട്ടും മനസ്സിളകാതെയും, ഹൃദയകണ്ണുകൾ തുറക്കാതെയും, ദൈവപുത്രനായ മ്ശിഹായെ ദൂഷിച്ചുകൊണ്ടും, മറ്റുള്ളവരെ അങ്ങേ അധിക്ഷേപിക്കുന്നതിനു പ്രേരിപ്പിച്ചുകൊണ്ടും നിന്നിരുന്ന ആളുകൾ ആ മലമുകളിലുണ്ടായിരുന്നുവെന്നു കേട്ടാൽ ആരാണ് അത്ഭുതപ്പെടാത്തതു്? ഇവർ ആരായിരുന്നു? യൂദജനങ്ങൾ - ദൈവവരപ്രസാദത്തെ നഷ്ടമാക്കിക്കളഞ്ഞിരുന്ന യൂദജനങ്ങൾ - മിശിഹായുടെ നിരവധി അത്ഭുതങ്ങളേ കാണുകയും, അവിടത്തെ സ്വർഗ്ഗീയ പ്രസംഗങ്ങളെ കേൾക്കുകയും ചെയ്തിട്ടും അതെല്ലാം നഷ്ടപ്പെടുത്തിക്കളഞ്ഞ യൂദജനങ്ങൾ. അതേ ഇപ്രകാരമുള്ളവർക്കു മ്ശിഹായുടെ പീഡാനുഭവഫലങ്ങളും നഷ്ടീഭവിച്ചുപോകുന്നു. പീഡാനുഭവസ്മരണ കൊണ്ടാടപ്പെടുന്ന ഈ ദിവസങ്ങളിൽ - ഏതു കഠിനഹൃദയന്മാരും അനുതാപപ്പെട്ടു ദൈവത്തിൻ പക്കലേക്കു പിന്തിരിഞ്ഞുചെല്ലുന്ന ഈ അവസരത്തിൽ - മേല്പറഞ്ഞ യൂദന്മാരെപ്പോലെയുള്ള നിർഭാഗ്യാനുഭവം ഉണ്ടാകാതിരിക്കുന്നതിനു എല്ലാവരും താല്പര്യപ്പെടേണ്ടതാകുന്നു. നമുക്കുവേണ്ടി അവിടുന്ന് പാടുപെട്ടു; നമ്മുടെ പാപങ്ങൾ നിമിത്തം അവിടുന്നു കൊല്ലപ്പെട്ടു; എന്നുള്ള ദീർഘദർശിയുടെ വചനങ്ങൾ ഈ ദിവസങ്ങളിൽ സദാ നമ്മുടെ കൺമുമ്പാകെയുണ്ടായിരിക്കട്ടെ!

'പാപ്പായും രാജാവും.'

മാർപ്പാപ്പായുടെ രാജാധിപത്യം വീണ്ടും ലഭിച്ചിരിക്കുന്ന സന്തോഷവർത്തമാനം അറിയിച്ചുകൊള്ളുന്നു. കോൺസ്റ്റന്റീൻ, കാറൾമാൻ മുതലായ ചക്രവർത്തിമാരുടെ ദാനമായി റോമാനഗരത്തിനു ചുററും പരിശുദ്ധ സിംഹാസനത്തിങ്കലേക്കു ലഭിച്ചിരുന്ന വിസ്തൃതമായ പ്രദേശങ്ങളിന്മേൽ മാർപ്പാപ്പാമാർക്കുണ്ടായിരുന്ന രാജാധികാരം 1870-ൽ ഇററലിയിലെ വിക്ടർ എമ്മാനുവേൽ രാജാവു പിടിച്ചടക്കുകയാണല്ലൊ ചെയ്തതു്. അതേപ്പററിയുള്ള പ്രതിഷേധം പ്രദർശിപ്പിക്കുന്നതിന്നു മാർപ്പാപ്പാമാർ അതില്പിന്നെ വത്തിക്കാൻ തോട്ടത്തിൽ നിന്നും പുറത്തിറങ്ങുകയാകട്ടെ, ഇററലിയുമായി യാതൊരു രാഷ്ട്രീയ ബന്ധത്തിൽ ഏർപ്പെടുകയാകട്ടെ ചെയ്യാതെ കഴിച്ചുകൂട്ടുകയായിരുന്നു. ഇററലിരാജാക്കന്മാർ മഹറോനിൽ ഉൾപ്പെട്ടുമിരുന്നു. അനാശാസ്യമായ ഈ നിലയ്ക്കു മാററം വരുത്തുന്നതിനു ദീർഘനാളായി ആലോചന നടന്നുവന്നു. എങ്കിലും ഒന്നും സാധിച്ചില്ല. ഇപ്പോൾ മുസ്സോലീനിയുടെ ഭരണതന്ത്രഫലമായി ഫെബ്രുവരി 11-ാംനു- ചൊവ്വാഴ്ച വത്തിക്കാനും ഇററലിയും തമ്മിലുള്ള കുഴപ്പങ്ങളെല്ലാം തീർത്തു ഉടമ്പടി ഒപ്പുവച്ചിരിക്കുന്നു. രാജ്യാതിർത്തി മുമ്പിലത്തേതിനോളം വേണ്ടെന്നാണു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു അഭിപ്രായപ്പെട്ടതു്. അതനുസരിച്ചു വത്തിക്കാൻരാജ്യം എന്ന അഭിധാനത്തിൽ റോമായോടടുത്തുള്ള ഏതാനും പ്രദേശങ്ങളടങ്ങിയ ഒരു സ്വതന്ത്രരാജ്യം മാർപ്പാപ്പായുടെ പൂർണ്ണസ്വാതന്ത്ര്യത്തിൽ വിട്ടുകൊടുത്തിരിക്കുന്നു. രാജ്യവിസ്തീർണ്ണം ഇത്രയെന്ന വിവരം വിശദമായി വെളിക്കുവന്നിട്ടില്ല. ഇതേവരെ രാജ്യം അപഹരിച്ചെടുത്തു കൈവശംവച്ചുകൊണ്ടിരുന്നതിനു നഷ്ടപരിഹാരമായി 275 കോടി സ്വർണ്ണലീര (ഏകദേശം 30 കോടി രൂപാ) തിരുസിംഹാസനത്തിലേക്കു റൊക്കം കൊടുക്കുന്നതാണ്. ഈ വിഷയങ്ങളെയെല്ലാം ക്രമപ്പെടുത്തുന്ന മൂന്നുടമ്പടികൾ കാർഡിനൽ ഗസ്പാറിയും, സിഞ്ഞോർ മുസ്സോലീനിയും ലിത്തരാൻ അരമനയിൽവച്ചു ഒപ്പുവച്ചിരിക്കുകയാണുണ്ടായതു്. അനേക ജനങ്ങൾ അരമനയ്ക്കുപുറത്തു കൂട്ടംകൂടിനിന്നു് ആഹ്ലാദചിഹ്നങ്ങൾ പ്രദർശിപ്പിക്കയുണ്ടായി. ഫെബ്രുവരി 12-ാംതീയതി പരിശുദ്ധപിതാവിന്റെ കിരീടധാരണത്തിന്റെ വാർഷികദിനമായിരുന്നു. അന്നും ഇതുപോലെയുള്ള സന്തോഷപ്രകടനങ്ങൾ നടക്കുകയുണ്ടായി. "പാപ്പായും രാജാവും വിജയിക്കട്ടെ" എന്നുള്ള പഴയ മംഗളാശംസധ്വനി വീണ്ടും റോമാനഗരത്തിൽ അന്നു മാറെറാലിക്കൊണ്ടു.

# നന്മരണ മദ്ധ്യസ്ഥൻ.

വി. യൗസേപ്പിന്റെ മരണത്തിരുനാൾ ആഘോഷിക്കപ്പെടുന്ന ഈ മാസത്തിൽ നന്മരണത്തിന്റെ ചിന്തയാണല്ലൊ സകല വിശ്വാസികളിലും ജനിക്കുന്നതു്. നന്മരണത്തെ ആഗ്രഹിക്കാത്തവരായി ലോകത്തിൽ വല്ലവരുമുണ്ടെന്നു തോന്നുന്നില്ല. ഈ ആഗ്രഹം സാധിക്കുന്നുവെങ്കിൽ നാം ഏററം ഭാഗ്യവാന്മാർ. എന്തെന്നാൽ മരണം ഈ ലോകത്തിന്റെ പരിധിയെ തള്ളി മാററിയുംവെച്ച് നിത്യത്വത്തിലേക്കു നമ്മെ അടുപ്പിക്കുന്നു. നന്മരണം ലഭിക്കുന്നവൻ നിത്യ ഭാഗ്യത്തിനവകാശിയാകുന്നു; നിർഭാഗ്യമായി മരിക്കുന്നവനൊ എന്നാൽ നിത്യശിക്ഷയ്ക്കു തള്ളപ്പെടുകയാണു ചെയ്യുന്നതു്. അതുകൊണ്ടു നന്മരണത്തിനു നാം ആഗ്രഹിക്കുന്നതു പോലെ അതു് ലഭിക്കുന്നതിന് അദ്ധ്വാനിക്കയും വേണം. ഇതിനുള്ള ഏററം ഉത്തമമായ മാൎഗ്ഗം നന്മരണ മദ്ധ്യസ്ഥനായിരിക്കുന്ന വി. യൗസേപ്പിനോടുള്ള ഭക്തിയാണു്. എന്തെന്നാൽ ഈ മഹാത്മാവിന്റെ അപേക്ഷാവല്ലഭത്വവും, നാരകീയ ശക്തികളുടെ മേൽ തനിക്കുള്ള അധികാരവും തനിക്കു ലഭിച്ച ഏററം ഭാഗ്യപരമായ മരണവും മൂലം ഇദ്ദേഹത്തെ നന്മരണ മദ്ധ്യസ്ഥനായി കത്തോലിക്കാ സഭ നിശ്ചയിച്ചിരിക്കുന്നു.



വി. യൗസേപ്പിന്റെ പ്രാൎത്ഥന മ്ശിഹായുടെ പക്കൽ മററു പുണ്യവാന്മാരുടെതിനെക്കാൾ ഫലപ്രദമാകുന്നു; മ്ശിഹാ ഈ ലോകത്തിലായിരുന്നപ്പോൾ ഒരു സ്നേഹിതനായിട്ടല്ല, പിന്നെയൊ ഒരു പിതാവായിട്ടാണ് വി. യൗസേപ്പിനെ സ്നേഹിച്ചിരുന്നതു്. അതുകൊണ്ടു, മഹാശാസ്ത്രിയായ ജെർസോൻ പറയുന്ന പ്രകാരം, വി. യൌസേപ്പ മ്ശിഹായോടു പ്രാൎത്ഥിക്കുന്നതു് വെറും ഒരൎത്ഥനപോലെയല്ല, ഒരു കല്പനപോലെയാണു്. എന്തെന്നാൽ ഒരു പിതാവ് തന്റെ പുത്രനോടു വല്ലതും അപേക്ഷിക്കുമ്പോൾ അതു ഒരു കല്പനതന്നെയെന്നു പറയാം. വി. യൌസേപ്പിന്റെ സംരക്ഷണയിലും അപേക്ഷാ വല്ലഭത്വത്തിലും നമുക്കുണ്ടായിരിക്കേണ്ട ശരണത്തെപ്പററി ഈ വിശുദ്ധന്റെ ഏററം ഭക്തയായിരുന്ന വി. അമ്മ ത്രേസ്യാ ഇപ്രകാരം പറയുന്നു. "നമ്മെ ഓരൊ പ്രത്യേകാവശ്യങ്ങളിൽ സഹായിപ്പാനുള്ള ശക്തി ദൈവം തന്റെ വിശുദ്ധന്മാരിൽ ഓരോരുത്തൎക്കു കൊടുത്തിട്ടുണ്ട്. എന്നാൽ ഏതാവശ്യത്തിലും നമ്മെ സഹായിക്കുന്നതിനുള്ള ശക്തി വി. യൌസേപ്പ് തന്നിൽ നിന്നും പ്രാപിച്ചിട്ടുണ്ടെന്നുള്ളതിന് യാതൊരു സംശയവുമില്ല. താൻ ഈ ലോകത്തിൽ വി. യൗസേപ്പിനു കീഴ്‌വഴങ്ങിയിരിപ്പാൻ തിരുമനസ്സായതുപോലെ സ്വൎഗ്ഗത്തിൽ ഈ പുണ്യവാൻ ചോദിക്കുന്നതെല്ലാം സാധിച്ചുകൊടുക്കുന്നതിനും തിരുമനസ്സായിരിക്കുന്നു എന്നുള്ളതാണു് ഇതിൽ നിന്നും നാം മനസ്സിലാക്കുന്നതിനു് ദൈവം നിശ്ചയിച്ചിരിക്കുന്നതു്."

നമ്മുടെ ലോകജീവിതത്തിൽ പിശാചിന്റെ തന്ത്രങ്ങളിൽ വീഴാതെ അവനെ നാം എത്ര പരാജയപ്പെടുത്തിയിരുന്നാലും, നമ്മുടെ മരണസമയത്തു അവൻ അവസാനകൈ എന്നപോലെ ശക്തിമത്തായ ഒരു പോരാട്ടം നടത്താതിരിക്കയില്ല. അവന്റെ ഏകശരണം അപ്പോഴാണു്. അവന്റെ ആക്രമണം എണ്ണത്തിലും ശക്തിയിലും വൎദ്ധിപ്പിച്ചു നമ്മെ പരാജയപ്പെടുത്തുന്നതിനു് സകല ശ്രമങ്ങളും അപ്പോൾ അവൻ ചെ

ഷ്ടും. ഇവിടെയാണു് വി. യൌസേപ്പിന്റെ സഹായം ഏറ്റം ഫലപ്രദമായിത്തീരുന്നതു്. ദുഷ്ടഹേറോദേസിന്റെ കൈയിൽ നിന്നും ദിവ്യ ഉണ്ണിയെ രക്ഷിച്ച വി. യൌസേപ്പിനു് മരണസമയത്തു് നമ്മെ കീഴടക്കി നിത്യനാശത്തിലേക്കു കൊണ്ടുപോകുന്നതിനു് വരുന്ന ലൂസിഫറിന്റെയും കൂട്ടരുടെയും മേൽ പൂർണ്ണാധികാരം ദൈവം നൽകീട്ടുണ്ടു്. ഏതൻമൂലം ഈ വിശുദ്ധനിൽ സങ്കേതം പ്രാപിക്കുന്നവർക്കു മരണസമയത്തുണ്ടാകുന്ന നരകീയശക്തികളുടെ ആക്രമണത്തിൽ ജയവും, ഭാഗ്യമരണവും ലഭിക്കുമെന്നുള്ളതു് നിശ്ചയമാണു്.

പരിശുദ്ധ കന്യാസ്ത്രീമറിയം കഴിഞ്ഞാൽ, ഈ ലോകത്തിൽ ഭാഗ്യമായ മരണം ലഭിച്ചിട്ടുള്ളതു് വി. യൌസേപ്പിനാണു്. മനോദൃഷ്ടിയിൽ കൂടി ഈ മഹാത്മാവിന്റെ മരണക്കിടക്കയിലേക്കു നമുക്കൊന്നുനോക്കാം. നാം എന്താണു് അവിടെക്കാണുന്നതു്? മരണാസന്നനായികിടക്കുന്നആ മഹാപിതാവിൽ എന്തൊരു സന്തോഷവും, ആനന്ദവും! തന്റെ ഭാര്യയായ പ. കന്യാസ്ത്രീമറിയവും വളർത്തുപുത്രനായ ദിവ്യഈശോയും തനിക്കു ശുശ്രൂഷചെയ്യുന്നു. സുകൃതവചനങ്ങൾ അവർ ചൊല്ലിക്കൊടുക്കുന്നു. ഒടുവിൽ വി. യൌസേപ്പു തന്റെ പ്രിയമകന്റെ തൃക്കയ്യിൽ സ്വന്തം ആത്മാവിനെ ഏല്പിക്കുന്നു. എത്ര കാമ്യമായ മരണം! തന്റെ മരണസമയത്തു തനിക്കു മറിയത്തിൽ നിന്നും, ദിവ്യ ഈശോയിൽനിന്നും ലഭിച്ച ശുശ്രൂഷകളെക്കുറിച്ചു തന്നോടു ഭക്തിയുള്ളവർക്കു് ഒരുഭാഗ്യമരണം ലഭിച്ചുകൊടുക്കുകയെന്നതു വി. യൌസേപ്പിന്റെ ഒരവകാശമായിത്തീന്നിരിക്കുന്നു. അതുകൊണ്ടു് ഈ മഹാത്മാവിന്റെ സഹായം പ്രാത്ഥിച്ചാൽ താൻ നമ്മുടെ മരണസമയത്തു ഉണ്ണി ഈശോയോടും, തന്റെ ഭാര്യയായ മറിയത്തോടും കൂടി വന്നു ദുഷ്ടശത്രുവിൽനിന്നു് നമ്മെ രക്ഷിക്കയും ആശ്വസിപ്പിക്കയും ചെയ്യുമെന്നുള്ളതിൽ തെല്ലും സംശയിക്കേണ്ടയാവശ്യമില്ല.

വി. അൽഫോൻസ് ലിഗോരി പുണ്യവാൻ മൂന്നു ദാനങ്ങളാണു് വിശേഷവിധിയായി വി. യൌസേപ്പുപുണ്യവാനോടു ചോദിക്കുന്നതിനു് നമ്മോടുപദേശിക്കുന്നതു്. അവ നമ്മുടെ പാപങ്ങളിന്മേലുള്ള മനസ്താപവും മ്ശിഹായോടുള്ള സ്നേഹവർദ്ധനവും, വിശുദ്ധവും ഭാഗ്യപരവുമായ ഒരു മരണത്തിനുവേണ്ട അനുഗ്രഹവുമാണു്.

വിശുദ്ധന്മാർ ഈ ലോകത്തിലായിരുന്നപ്പോൾ എന്തു പുണ്യത്തിൽ വിശേഷാൽ ശോഭിച്ചിരുന്നുവോ അതു നമുക്കു ലഭിച്ചുതരുന്നതിനു് അവർ പറ്റിയ മദ്ധ്യസ്ഥന്മാരാണെന്നുള്ളതു് തക്കമറ്റ സംഗതിയാണു്. എന്നാൽ വി. ഫ്രാൻസിസു സാലേസ് പുണ്യവാൻ സാക്ഷിക്കുംപ്രകാരം "തന്റെ സ്നേഹഭാര്യയായ പ. ക. മറിയത്തെപ്പോലെ വി. യൌസേപ്പും മിശിഹായോടുള്ള സ്നേഹത്തെപ്രതിയാണു മരിച്ചിട്ടുള്ളതു്. എന്തെന്നാൽ പ. ക. മറിയം കഴിഞ്ഞാൽ മ്ശിഹായോടുള്ള സ്നേഹത്തിൽ വി. യൌസേപ്പ് മറ്റുള്ള സകല വിശുദ്ധന്മാരെയും ജയിച്ചിരുന്നു." അതുകൊണ്ടു മ്ശിഹായുടെ സ്നേഹത്തിൽ നാം വർദ്ധിക്കുന്നതിനുള്ള അനുഗ്രഹം നമുക്കു ലഭിച്ചുതരുന്നതിനു താൻ ശക്തനാകുന്നുവെന്നതിൽ സംശയമില്ല. അതുപോലെതന്നെ പ. ക. മറിയം കഴിഞ്ഞാൽ വേറെ ഒരു മനുഷ്യനും വി. യൌസേപ്പിനെപ്പോലെ ഒരു ഭാഗ്യമരണത്താൽ അനുഗ്രഹീതനായിട്ടില്ല. ആകയാൽ നന്മരണത്തിനു വേണ്ടുന്ന അനുഗ്രഹങ്ങൾ പ്രാപിച്ചു തരുന്നതിനു വി. യൌസേപ്പു ശക്തൻതന്നെ.

അതുകൊണ്ടു നന്മരണ മദ്ധ്യസ്ഥനായിരിക്കുന്ന വി. യൌസേപ്പിനു് നമ്മെ കയ്യാളിച്ചുകൊണ്ടു് നമുക്കു് ഇപ്രകാരം പ്രാത്ഥിക്കാം:-

ഞങ്ങളുടെ സംരക്ഷകനായിരിക്കുന്ന മാർ യൌസേപ്പേ! പാപങ്ങൾ കാരണത്താൽ നിർഭാഗ്യമായ മരണത്തിനു ഞങ്ങൾ യോഗ്യരായി; എന്നാൽ നിന്റെ സഹായമുണ്ടെങ്കിൽ നിശ്ചയമായിട്ടും ഞങ്ങൾ നശിച്ചുപോകയില്ല. നീ ഞങ്ങളുടെ വിധിയാളന്റെ പ്രത്യേക സ്നേഹിതൻ മാത്രമല്ല, പിന്ന

യൊ വളൎത്തുപിതാവും, ഉപദേഷ്ടാവും കൂടിയായിരുന്നു. നീ ഏററം സ്നേഹിക്കുന്ന ഈശോമ്ശിഹായോടു ഞങ്ങൾക്കു വേണ്ടി മാദ്ധ്യസ്ഥം അപേക്ഷിക്കേണമെ. നിൻെറ സംരക്ഷണയിൽ ഏല്പിച്ചിരിക്കുന്ന ഞങ്ങളെ നിൻെറ ദാസരായിട്ടു നീ സ്വീകരിക്കണമെ. നിൻെറ ജീവിതകാലത്തു് ദിവ്യ ഈശോയോടും കന്യാസ്ത്രീ മറിയത്തോടും നിനക്കുണ്ടായിരുന്ന പരിശുദ്ധ സ്നേഹത്തേക്കുറിച്ചു് അവരുടെ സ്നേഹത്തിൽനിന്നും ഞങ്ങൾ അകലാതിരിക്കുന്നതിനു വേണ്ട അനുഗ്രഹവും, നിൻെറ മരണനേരത്തു അവരിൽ നിന്നു നിനക്കു ലഭിച്ച ശുശ്രൂഷകളെ ഓൎത്തു് ഞങ്ങളുടെ മരണ സമയത്തു അവരുടെ സഹായവും ലഭിച്ചുതരേണമെ. ആമ്മേൻ.

---

# ഗാഗുൽത്താമലയും കുർബാനയും

(റവ. ഫാദർ തോമസ് മൂഞ്ഞേലി.)

കാൽവാരി പൎവ്വതത്തിൽ വെച്ചു സ്വൎഗ്ഗീയ പിതാവിനു ഈശോമിശിഹാ സമൎപ്പിച്ച ബലിയ്ക്കും ഇന്നു കത്തോലിക്കലോകമൊട്ടുക്കുള്ള ദേവാലയങ്ങളിൽ പട്ടക്കാർ അൎപ്പിക്കുന്ന പൂജയ്ക്കും വിസ്മയനീയമായ സാമ്യമുണ്ടു്. മിശിഹാ അനുഭവിച്ച പീഡകളുടെയും അൾത്താരയിൽ അണയ്ക്കുന്ന കുർബാനയുടെയും മുപ്പത്തുമൂന്നു പ്രധാനഭാഗങ്ങൾ താഴെക്കാണുന്നവിധം തുല്യപ്പെടുത്താവുന്നതാണു്.

| മിശിഹാ. | പട്ടക്കാരൻ. |
| --- | --- |
| 1. ഗെത്സേമ്മൻ ഉദ്യാനത്തിൽ പോകുന്നു. | 1. അൾത്താരയിലേക്കു പോകുന്നു. |
| 2. പ്രാൎത്ഥിയ്ക്കാൻ ആരംഭിക്കുന്നു. | 2. കുർബാന ആരംഭിക്കുന്നു. |
| 3. നിലത്തുവീണു രക്തം വിയൎക്കുന്നു. | 3. 'ശുഹാലാബാ' എന്നു ചൊല്ലി തലകുനിയ്ക്കുന്നു. |
| 4. യൂദാസിനാൽ ചുംബിക്കപ്പെടുന്നു. | 4. ബലീപീഠത്തിൽ ചുംബിക്കുന്നു. |
| 5. ബന്ധിതനായി അന്നാസിനു ഏല്പിക്കപ്പെടുന്നു. | 5. എംഗത്താഭാഗത്തേയ്ക്കു പോകുന്നു. |
| 6. വ്യാജമായി അന്നാസിനാൽ കുററമാരോപിയ്ക്കപ്പെടുന്നു. | 6. എംഗത്താ വായിക്കുന്നു. |
| 7. കയ്യാപ്പായുടെ അടുക്കൽ കൊണ്ടുവരപ്പെടുകയും പത്രോസിനാൽ തിരസ്കരിക്കപ്പെടുകയും ചെയ്യുന്നു. | 7. അൾത്താരയുടെ മദ്ധ്യഭാഗത്തു വന്നു 'ഹക്കെമ്മയിൻ' എന്ന നമസ്കാരം ചൊല്ലുന്നു. |
| 8. പത്രോസിനു മാപ്പു കൊടുക്കുന്നു. | 8. 'ശ്ലാമാഅമ്മകോൻ' എന്നു പറയുന്നു. |
| 9. പീലാത്തോസിൻെറ പക്കൽപോകുന്നു. | 9. ഏവൻഗേലിയോൻ ഭാഗത്തേക്കു പോകുന്നു. |
| 10. ഹേറോദേസിൻെറ പക്കൽ പോകുന്നു. | 10. 'മ്ഹൈമ്മനീനൻ' ചൊല്ലി പീഠത്തിൻെറ പാൎശ്വഭാഗത്തു പോകുന്നു. |
| 11. വീണ്ടും പീലാത്തോസിൻെറ പ | 11. അൾത്താരയുടെ മദ്ധ്യഭാഗത്തു വന്നു 'മ്ഹൈമ്മനീനൻ' എന്ന പ്രാൎത്ഥന |

ക്കൽ പോകയും പരിഹസിക്കപ്പെടുകയും ചെയ്യുന്നു.

12. സകലരാലും നിന്ദിക്കപ്പെടുന്നതിനു ജനസമൂഹത്തിൻ മുമ്പാകെ പ്രദർശിപ്പിക്കപ്പെടുന്നു.

13. നിർദ്ദയമായി ചമ്മട്ടി അടികളാൽ പീഡിപ്പിയ്ക്കപ്പെടുന്നു.

14. മുൾമുടി ധരിപ്പിയ്ക്കപ്പെടുന്നു.

15. നിരപരാധിയെന്നു പീലാത്തോസിനാൽ പ്രഖ്യാപനം ചെയ്യപ്പെടുന്നു.

16. "ഇതാ മനുഷ്യൻ!" എന്നു പറഞ്ഞുകൊണ്ടു പീലാത്തോസിനാൽ ജനങ്ങൾക്കു പ്രദർശിപ്പിക്കപ്പെടുന്നു.

17. തിരുമുഖത്തു തുപ്പപ്പെടുകയും പരിഹസിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്നു.

18. കുരിശുമരണത്തിനു വിധിക്കപ്പെടുന്നു.

19. ഗാഗുൽത്താമലയിലേക്കു കുരിശു വഹിച്ചു കൊണ്ടുപോകുന്നു.

20. മാതാവിനെയും ചില ഭക്തസ്ത്രീകളെയും ദർശിക്കുന്നു.

21. കുരിശിന്മേൽ ആണികളാൽ തറയ്ക്കപ്പെടുന്നു.

22. കുരിശിന്മേൽ ഉയർത്തപ്പെടുന്നു.

23. തന്റെ അഞ്ചു തിരുമുറിവുകളിൽ നിന്നു രക്തം ചിന്തുന്നു.

24. കുരിശിൻ ചുവട്ടിൽ വ്യാകുലയായ മാതാവിനെ ദർശിക്കുന്നു.

25. മരണം പ്രാപിക്കുന്നു.

26. തന്റെ ദിവ്യാത്മാവു പാതാളങ്ങളിൽ ഇറങ്ങുന്നു.

27. കുരിശിൻചുവട്ടിൽ വെച്ചു പലരും മിശിഹാ ദൈവപുത്രനെന്നു വിശ്വസിക്കുന്നു.

28. കല്ലറയിൽ അടക്കപ്പെടുന്നു.

29. ഭക്തരായ സ്ത്രീകളാൽ സുഗന്ധദ്രവ്യംകൊണ്ടു ലേപനം ചെയ്യപ്പെടുന്നു.

30. മരണത്തിൽനിന്നുയിർക്കുന്നു.

31. തന്റെ ദിവ്യമാതാവിനും ശിഷ്യർക്കും പ്രത്യക്ഷപ്പെടുന്നു.

യുടെ ശേഷംഭാഗം ചൊല്ലി അവസാനിപ്പിക്കുന്നു.

12. കാസാ നഗ്നമാക്കുന്നു.

13. അപ്പവും വീഞ്ഞും കാഴ്ചവെയ്ക്കുന്നു.

14. കാസാ മൂടുന്നു.

15. കരങ്ങൾ കഴുകുന്നു.

16. 'ഓറാമാത്തമകോൻ' ചൊല്ലി ജനങ്ങളുടെ പക്കലേക്കു തിരിയുന്നു.

17. തല കുനിഞ്ഞു 'മറിയാ ആലാഹാ' എന്ന പ്രാർത്ഥന താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

18. 'റാഹെം അലൈ ആലാഹാ' എന്ന സങ്കീർത്തനം ചൊല്ലുന്നു.

19. കുരിശു ഭാഷയിൽ കരങ്ങൾ പിടിച്ചു 'ബസ്സെംമാറൻവാലാഹൻ' എന്ന നമസ്കാരം ചൊല്ലുന്നു.

20. 'ബാറെക്മാർ ബാറെക്മാർ' എന്ന പ്രാർത്ഥന ചൊല്ലുന്നു.

21. കുരിശു ഭാഷയിൽ അപ്പവും വീഞ്ഞും വാഴ്ത്തുന്നു.

22. ദിവ്യ ഓസ്തി ഉയർത്തുന്നു.

23. കാസാ ഉയർത്തുന്നു.

24. താഴ്ന്ന സ്വരത്തിൽ ഭയഭക്തിയോടുകൂടി പ്രാർത്ഥിക്കുന്നു.

25. തിരുഓസ്തി രണ്ടായി ഭാഗിക്കുന്നു.

26. തിരു ഓസ്തിയുടെ ഒരംശം കാസായിൽ മുക്കുന്നു.

27. 'എമറൈദാലാഹാ' ചൊല്ലി പ്രാർത്ഥിക്കുന്നു.

28. വിശ്വാസികൾക്കു വിശുദ്ധ കുർബാന കൊടുക്കുന്നു.

29. കാസാ കഴുകി ശുദ്ധിയാക്കുന്നു.

30. കാസാ മുമ്പിലത്തെപോലെ ഒരുക്കിവെയ്ക്കുന്നു.

31. എംഗത്താ ഭാഗത്തുപോയി രണ്ടു സ്ലോസാ ചൊല്ലുന്നു.

32. നാല്പതുദിവസം പഠിപ്പിക്കുന്നു.

33. ശിഷ്യന്മാരോടു യാത്രപറഞ്ഞു സ്വർഗ്ഗത്തിലേക്കു എഴുന്നള്ളുന്നു.

32. അൾത്താരയുടെ മദ്ധ്യഭാഗത്തു വന്നു 'ആബുൻദ്വശ്മയ്യാ' ചൊല്ലുന്നു.

33. അവസാനത്തെ 'ശ്ലാമാ അമ്മകോൻ' ചൊല്ലി ജനങ്ങളെ ആശീർവ്വദിക്കുന്നു.



# ഇതാ മാനുഷൻ.

(പാന)

(ക. നി. മൂ. സ. ബ്ര. മാണിക്കത്തനാർ.)

സേനാവൃന്ദമാംറോമേയരീശോയെ
മാനഹാനിപ്പെടുത്തിയ ശേഷമായ്
വീണ്ടുമാശാല തന്നിലേയ്ക്കായവർ
കൊണ്ടുപോയിതദ്ദിവ്യനെസ്സത്വരം.
വന്നുനില്ക്കുംജനാന്തികേ പീലാത്തോസ്
ചെന്നു വീണ്ടുമവരോടു ചൊല്ലിനാൻ:
"തെറ്റായുള്ള കാര്യങ്ങളിവനിൽ ഞാൻ
ചെറ്റും കണ്ടതില്ലെന്നറിഞ്ഞീടുവാൻ
നിങ്ങൾക്കുമുമ്പിലേയ്ക്കായവനെ ഞാ-
നിങ്ങുകൊണ്ടുവരുന്നു കണ്ടീടുവിൻ."
മുൾക്കിരീടവും ധൂമ്രവസ്ത്രങ്ങളു-
മൊക്കെയോടീശോനാഥനുമെത്തിനാൻ.
"കണ്ടാലുമിതാ മർത്ത്യ"നെന്നീവിധ-
മുണ്ടായ് പീലാത്തോസിന്റെകഥനവും.
ആചാര്യന്മാരും ഭൃത്യവൃന്ദങ്ങളു-
മീശോനാഥനെക്കണ്ടൊരു മാത്രയിൽ:
"ക്രൂശിൽ,ക്രൂശിൽത്തറ"യ്ക്കെന്നവരേക-
വാചകമായ് നിലവിളിച്ചീടിനാർ.
"കൊണ്ടുപോയിക്കുരിശിൽത്തറയ്ക്കുവിൻ.
കണ്ടതില്ലൊരകൃത്യമിവനിൽ ഞാൻ."
എന്നപീലാത്തിൻവാക്കുകൾക്കുത്തരം
ചൊന്നാർയ്യൂദജനങ്ങളുമീവിധം:

"ഞങ്ങൾക്കുണ്ടൊരു ഞായമിതുപടി-
യ്ക്കിന്നിവൻ മൃതനായ്ബ്ഭവിച്ചീടണം.
കാരണമവനീശ്വരൻ തന്റെ കു-
മാരനെന്നു തന്നിയെ കഥിച്ചതാം."
ഇക്കാര്യം കേട്ടനേരത്തു പീലാത്തി-
നുൾക്കാമ്പിൽഭീതിവർദ്ധിച്ചു കാരണം
വീണ്ടുംശാലയിൽപ്പുക്കു മ്ശിഹായെ-
ക്കണ്ടുചോദിച്ചാ:"നെങ്ങുനിന്നാണുനീ"
ഉത്തരംക്രീസ്തുനൽകായ്കു ഹേതുവാൽ
സത്വരമവൻദിവ്യനോടോതിനാൻ:
"എന്നോടേതും പറയുന്നതില്ലേ നീ?
കൊന്നീടാനും വിമോചനംചെയ്വാനും
ഇന്നെനിയ്ക്കധികാരമുണ്ടെന്നതു
നന്നായ്ത്തന്നെയറിയുന്നതില്ലയോ?"
ഉത്തരിച്ചീശോ:"മേലിൽനിന്നായതു
ദത്തമാകാതിരുന്നുവെന്നാകിലോ
അല്പമായുമധികാരമെന്റെമേ-
ലിപ്പറയും നിനക്കു ലഭിച്ചിടാ.
തൻമൂലമെന്നെയേല്പിച്ചവനുള്ള
തിന്മതന്നേവലുതെന്നു നിർണ്ണയം "

# അക്ഷരാഭ്യാസമില്ലാത്ത മഹതി.

(റവ. സക്കറിയാസ്, പൂവത്തുങ്കൽ.)

## II.

ഒരു ദിവസം കുട്ടികളോടു് ആ നല്ല അമ്മ പറഞ്ഞതായതു്:- "നിങ്ങളുടെ പിതാവു എത്ര ഗുണവാനായിരുന്നു. അദ്ദേഹത്തെ നിങ്ങളുടെ പിതാവായി കല്പിച്ചുതന്ന ദൈവത്തിനു് നിങ്ങൾ നന്ദിപറയണം." ജോൺ ഉടനെ പറഞ്ഞതു് ഇങ്ങനെയാണു്: "ഇല്ലമ്മേ, ഇത്രനല്ല ഒരമ്മയേ തന്നതിനു് ഞങ്ങൾ ദൈവത്തോടു് കൂടുതൽ കടപ്പെട്ടിരിക്കുന്നു" മാർഗ്രററിനു് അക്ഷരാഭ്യാസമില്ലാഞ്ഞിട്ടും സ്വന്തമക്കളെ കഴിവുപോലെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു് അവൾ ഉത്സാഹിച്ചു. ജോണിൻെറ കാര്യത്തിൽ അവൾ പ്രത്യേകം ശ്രദ്ധിച്ചു. ഭാവിമഹത്വത്തിൻെറ ലാഞ്ചനകൾ ചെറുപ്രായത്തിൽതന്നെ അവനിൽ കണ്ടുതുടങ്ങി. അവനെ പഠിപ്പിക്കുന്നതിനു് ഇടവക വികാരിയച്ചൻ കുറേയെല്ലാം സഹായം ചെയ്തു. സന്യാസ ജീവിതത്തോടു് ബാലനു് കുറെ ആകർഷണം തോന്നി. ഇതേപ്പററി ജോൺ ഒരു വൈദികനോടു് പറഞ്ഞു. അദ്ദേഹം മാർഗ്രററിനെ വിളിച്ചു്, അവളുടെ ദരിദ്രാവസ്ഥയുംമററും നിമിത്തം ജോണിൻെറ സഹായം പലപ്പോഴും ആവശ്യപ്പെട്ടേക്കാമെന്നുള്ളതുകൊണ്ടു് അവൻ ആശ്രമജീവിതം സ്വീകരിക്കണ്ടാ, ഇടവകപ്പട്ടക്കാരനായാൽമതി എന്നുള്ള തൻെറ അഭിപ്രായം അവരോടുപറഞ്ഞു.

ഒരു ദിവസം ജോൺ അല്പം ആശങ്കയോടെ അമ്മയുടെ അടുക്കൽചെന്നു് "ഞാൻ സന്യാസാശ്രമത്തിൽ ചേരട്ടയോ, അമ്മ അതനുവദിക്കുമോ?" എന്നു ചോദിച്ചു. അതിനു് ആ സാധ്വിയുടെ മറുപടി ഇപ്രകാരമായിരുന്നു. "എൻെറകുഞ്ഞെ, ഈ നല്ലകാര്യത്തിൽ ഒരിക്കലും 'നിന്നെ ഞാൻ തടയുകയില്ല. നിന്നെക്കൊണ്ടു് ഇനിക്കു് വല്ലപ്പോഴും തക്കസഹായം ആവശ്യപ്പെട്ടേക്കാമെന്നു് നീ ആലോചന ചോദിച്ച ആ അച്ചനു് ഒരു സന്ദേഹം. അതു് സാരമില്ല. ദൈവവിളിയെ അനുസരിക്കുന്ന കാര്യത്തിൽ ഈമാതിരി ലൌകികമായ ആലോചനകളൊന്നും നീ ചെയ്യണ്ടാ. ദൈവമഹത്വം, ആത്മാക്കളുടെ രക്ഷ ഈ രണ്ടുകാര്യങ്ങൾമാത്രം നിൻെറ ചിന്താവിഷയമായിരിക്കട്ടെ. ഇന്നുവരെ ഞാൻ ദരിദ്രയായിട്ടാണു് കഴിച്ചതു്. ദൈവതിരുമനസ്സങ്ങിനെയെങ്കിൽ ദരിദ്രയായിട്ടു മരിക്കുന്നതും ഇനിക്കു് സന്തോഷമാണു്." അമ്മയുടെ അഭിപ്രായം അറിഞ്ഞതിൽപ്പിന്നെയും ജോൺ തൻെറ ദൈവവിളിയേപ്പററി ഗാഢമായി ചിന്തിക്കുകയും പലരോടും ആലോചിക്കുകയും ചെയ്തതിൻെറ ഫലമായി ഇടവകപ്പട്ടക്കാരനാകുന്നതിനുതന്നെ തീർച്ചയാക്കി. തൻെറ ദാരിദ്ര്യം ഈ ഉദ്ദേശസാദ്ധ്യത്തിനു് പ്രതിബന്ധമായി നിന്നിരുന്നുവെങ്കിലും ഉദാരമതികളായ ചിലരുടെ സഹായത്തോടുകൂടി ആ യുവാവു് സെമ്മിനാരിയിൽ ചേന്നു് 1841—ൽ ഗുരുപ്പട്ടം കൈക്കൊണ്ടു. നവപൂജ അപ്പിച്ച ദിനം ആ യുവവൈദികനോടു് അമ്മ പറഞ്ഞ വാക്കുകൾ കേട്ടാലും:- "എൻെറ പ്രിയമകനേ, ദൈവാനുഗ്രഹത്താൽ അങ്ങു് ഒരു പട്ടക്കാരനായി തീന്നിരിക്കുന്നു. നമ്മുടെ കത്താവിനോടു് എത്ര അടുത്താണു് എൻെറ കുഞ്ഞു് നില്ക്കുന്നതു്. മഹാഭാഗ്യംതന്നെ. എന്നാൽ മിശിഹായുടെ ഒരപ്പസ്തോലൻെറ ജീവിതം സുഖഭോഗസംപൂണ്ണമാണെന്നു കരുതരുതേ. എൻെറ മകനു് കുരിശുകൾ കൊടുക്കരുതെന്നല്ലാ ഞാൻ ദൈവത്തോടു് അപേക്ഷിക്കുന്നതു്. പിന്നെയോ അവയെ സസന്തോഷം കൈക്കൊള്ളുന്നതിനുള്ള മനക്കരുത്തു്

അയാൾക്ക് നൽകേണമേ, എന്നാണ് എൻെറ അപേക്ഷ." ഡോൺബോസ്കോ വൈദികപട്ടം സ്വീകരിച്ചിട്ട് കുറേനാളത്തേയ്ക്കു ജയിൽ പുള്ളികളുടെ ആത്മികാവശ്യങ്ങൾ നടത്തിയിരുന്ന ഒരു വൈദികനെ സഹായിച്ചിരുന്നു. ജയിൽവാസികളുടെ മൂർഖതയും അജ്ഞതയും കണ്ടിട്ട് അദ്ദേഹത്തിന് വലിയ കുണ്ഠിതംതോന്നി. അവരിൽ പലരും മാതാപിതാക്കളുടെ അകാലവിയോഗത്താലോ, അശ്രദ്ധയാലോ, വേണ്ടപോലെ വളർത്തപ്പെട്ടവരല്ലായിരുന്നു എന്ന് അന്വേഷണത്തിൽ ആ വൈദികനു മനസ്സിലായി. തെരുവുകളിൽക്കൂടി നിരാശ്രയരായി രാവും പകലും അലഞ്ഞു തിരിഞ്ഞു നടക്കുന്ന അറിവും നെറിവുമില്ലാത്ത നിരവധി ബാലന്മാരുടെ ഭയങ്കരമായ ഭാവിയേപ്പററി ചിന്തിച്ചപ്പോൾ ഡോൺബോസ്കോയുടെ ഹൃദയം അനുകമ്പകൊണ്ട് ആർദ്രമായി. ഈ കുട്ടികളുടെ നല്ല വളർത്തലിനായി വല്ലതും ചെയ്യണമെന്ന് അദ്ദേഹം തീർച്ചയാക്കി.

തൻെറ കോശസ്ഥിതി വളരെ മോശമായിരുന്നു എങ്കിലും ഡോൺബോസ്കോ അനാഥരായ ഏതാനും കുട്ടികളെ ഒന്നിച്ച് വിളിച്ചുകൂട്ടി അവരെ തീററിപ്പോററുന്നതിനും പഠിപ്പിക്കുന്നതിനും തുടങ്ങി. ചിലരെല്ലാം അദ്ദേഹത്തെ ധനംകൊണ്ട് സഹായിച്ചു. മററുചിലർ ഈ യുവവൈദികൻെറ നവയത്നങ്ങളെ ആക്ഷേപിക്കാതെയുമിരുന്നില്ല. തൻെറ ദേവാലയത്തോട് അടുത്തു് ഒരു ചെറിയ കൊട്ടിലിൽ അത്രേ ഡോൺബോസ്കോ കുട്ടികളെ താമസിപ്പിച്ചതു്. "നാട്ടിലുള്ള തെണ്ടിപ്പിള്ളേരേയെല്ലാം ആ ലോകം കണ്ടിട്ടില്ലാത്ത കൊച്ചച്ചൻ തലയിൽ കയററിവച്ചിരിക്കുന്നു ആ കൊട്ടിലിൽ എന്തു് അല്പും വിളിയുമാണ്." എന്നെല്ലാം പലരും നമ്മുടെ അച്ചനേയും കുട്ടികളേയും ഒരുപോലെ പരിഹസിച്ചുതുടങ്ങി. ഡോൺബോസ്കോ ഇതുകൊണ്ടൊന്നും കുലുങ്ങിയില്ല. കുട്ടികളുടെ സംഖ്യ ദിനംപ്രതി വർദ്ധിച്ച് വർദ്ധിച്ച് എഴുനൂറോളം ആയിത്തീർന്നു. **(തുടരും)**

---

# ചെറുപുഷ്പ സഹോദരികൾ.

(റവ. ഫാദർ എജീദിയോസ് സി. ഡി.)

അമേരിക്കനായ ഫാദർ ഡോളൻെറ സന്ദർശന വിവരണം.

## III.

സ്നേഹിതരേ!

ചെറുപുഷ്പത്തിൻെറ സഹോദരിയും രണ്ടാനമ്മയുമായ പൗളിനുമായിട്ടുള്ള ആദ്യസന്ദർശന വിവരം പറഞ്ഞുകഴിയുന്നതിനു മുമ്പ് സമയം അതിക്രമിച്ചതിനാൽ വിവരണം സമാപിപ്പിക്കുന്നതിനു നിർബന്ധിതരായിട്ടാണല്ലോ നാംകഴിഞ്ഞതവണപിരിഞ്ഞുപോയതു്. ഞങ്ങൾ തമ്മിലുള്ളകൂടിക്കാഴ്ചയുടെ ഗൗരവം മനസ്സിലാക്കുന്നതിനുവേണ്ടിയാണ് അന്നു പൗളിനും ചെറുപുഷ്പവും തമ്മിലുള്ള ഗാഢമായ മനോരഞ്ജനയെ വെളിപ്പെടുത്തുവാൻ ഞാൻ ഒരുമ്പെട്ടതു്. എന്നാൽഇത്തവണ അതിനെഒന്നുകൂടി തെളിയിച്ചു കാണിക്കുന്നതിനു വേറെ ചില സംഭവങ്ങളെക്കൂടെ നിങ്ങളുടെ മുമ്പാകെ കാണിച്ചുതരാം.

പൗളിനെപ്പോലെ ചെറുപുഷ്പത്തെ അറിഞ്ഞവരായി ആരും തന്നെ ഉണ്ടായിരുന്നില്ല. അവളുടെ സ്വഭാവരൂപീകരണത്തിൽ പൗളിനോടൊപ്പം അവളുടെ പിതാവുപോലും സഹകരി

ച്ചിട്ടുണ്ടോ എന്നു എനിക്കു സംശയമാണ്. ഇതിൻെറ വാസ്തവത്തെ കുറഞ്ഞൊരു വിധത്തിലെങ്കിലും ഗ്രഹിക്കണമെങ്കിൽ, ചെറുപുഷ്പത്തിൻെറ മാതാവ് അന്തരിച്ചപ്പോൾ അവൾക്കു ൪ വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നൊള്ളു; അവളുടെ ബലശൂന്യമായ ശാരീരിക പ്രകൃതിനിമിത്തം പല കൊല്ലങ്ങളോളം സ്കൂളിൽ അയക്കുവാൻ നിവ്വാഹമില്ലാതിരുന്നതിനാൽ വീട്ടിൽവെച്ചു ഉപാദ്ധ്യായജോലി നടത്തിയതു് പൗളിനാണ്; കൎമ്മെലീത്താമഠത്തിൽ വച്ചു പൗളിനായിരുന്നു അവളുടെ ശ്രേഷ്ഠയമ്മ; അവൾ തന്നെയായിരുന്നു ചെറുപുഷ്പത്തിൻെറ ആത്മീയ മാതാവ്; ശ്രേഷ്ഠയെന്നുള്ള നിലയിൽ പൗളിനോടാണ് അവൾ "എൻെറ സ്വൎഗ്ഗത്തെ ഞാൻ ഭൂമിയിൽ നന്മചെയ്യുന്നതിനായി ചിലവഴിക്കും, എൻെറ മരണശേഷം റോസപുഷ്പങ്ങളെ ഞാൻ വൎഷിക്കും" എന്നുള്ള വാഗ്ദാനങ്ങളെ മനോവിശ്വാസത്തോടേ അറിയിച്ചതു; ഈ സംഗതികളെല്ലാം ആലോചിച്ചാൽ മതിയായിരിക്കുന്നു. പൗളിൻ ചെറുപുഷ്പത്തെ നല്ലവണ്ണം അറിഞ്ഞിരുന്നതുകൊണ്ടാണ് അവൾ ഒമ്പതു വയസ്സിൽ നടക്കുകയിൽ കന്യകാമഠത്തിൽ ചേരണമെന്നുള്ള അവളുടെ ആഗ്രഹത്തെ പൗളിനോടു് അറിയിച്ചപ്പോൾ ഇതു് ബാലചാപല്യഫലമല്ല, സാക്ഷാൽ ദൈവവിളി തന്നെയെന്നുറച്ചു അവളെ ധൈൎയ്യപ്പെടുത്തി മുന്നോട്ടു നടത്തിയതു്. മരിയയോ എന്നാൽ അവളെ അധൈൎയ്യപ്പെടുത്തുന്നതിനാണു് ശ്രമിച്ചിരുന്നതു്. ചെറുപുഷ്പത്തിൻെറ ൧൫-ാമത്തെ വയസ്സിൽ മഠത്തിൽ ചേരുന്നതിനുണ്ടായിരുന്ന വിഷമതകളെ നീക്കുന്നതിനു സൎവ്വദാ ബുദ്ധിമുട്ടു സഹിച്ചതും പൗളിൻ തന്നെയായിരുന്നു.

പൗളിനുമായിട്ടുള്ള ചെറുപുഷ്പത്തിൻെറ ഐക്യശബന്ധത്തെ വേണ്ടുവോളം വെളിവായ വിധത്തിൽ കാണിക്കുന്നതിനു ഇതാ വേറൊരു ദൃഷ്ടാന്തം. പൗളിൻ കന്യകാമഠത്തിൽ ചേൎന്നപ്പോൾ ഉണ്ടായ വിരഹതാപം നിമിത്തം ചെറുപുഷ്പത്തിനു ഒരു കഠിന വ്യാധി പിടിപെട്ടു കിടപ്പിലായി. ഇങ്ങനെ ഇരിക്കുകയിൽ പൗളിൻെറ ശിരോവസ്ത്ര സ്വീകരണത്തിനുള്ള സമയവും അടുത്തുവന്നു. ഈ ദിവസം മാൎട്ടിൻ കുടുംബത്തിനു വളരെ സന്തോഷപരമായ ഒന്നുതന്നെയായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. എന്തുകൊണ്ടെന്നാൽ ശിരോവസ്ത്രം (Veil) സ്വീകരിക്കുന്നവർ വ്രതാനുഷ്ഠാനം ചെയ്യിട്ടില്ലാത്തതിനാൽ സംബന്ധക്കാൎക്കു് അവരോടു സംസാരിക്കുന്നതിനു തന്നെയല്ല അവസാനമായിട്ടെങ്കിലും സാക്ഷാൽ അവരെ കാണുന്നതിനും പാടുണ്ടായിരുന്നു. എന്നാൽ വരുവാനിരിക്കുന്ന ഈ സന്തോഷാവസരത്തെപ്പററി ചെറുപുഷ്പത്തെ അറിയിക്കാതിരിക്കുന്നതിനു അവർ വളരെ സൂക്ഷിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ പൗളിനെ സന്ദൎശിക്കുവാനുള്ള ഈ അവസാനാവസരം തനിക്കു് വിനിയോഗിക്കുവാൻ പാടില്ലല്ലോ എന്നോൎത്തു അവൾ സങ്കടപ്പെടുകയും തന്മൂലം ദീനം വൎദ്ധിക്കുകയും ചെയ്യും എന്നായിരുന്നു അവർ കരുതിയിരുന്നതു്. എന്നാൽ ഇതു് ചെറുപുഷ്പത്തെ ആരും ഓൎമ്മപ്പെടുത്തേണ്ട ആവശ്യമേ ഉണ്ടായിരുന്നില്ല. ഒരു ദിവസം കാലത്തു ദീനശയ്യയിൽ അവൾ കിടന്നുകൊണ്ടു "ശിരോവസ്ത്രധാരണ ചടങ്ങുകളെ കാണുന്നതിനു പോകുവാൻ എനിക്കു് സാധിക്കും" എന്നു സകലരേയും അത്ഭുതപരതന്ത്രരാക്കുമാറു് പറഞ്ഞുകേൾപ്പിച്ചു. അതുപോലെ അവൾക്കു് പോകുന്നതിനു സാധിക്കുകയും ചെയ്തു. ഇതേപ്പററി ചെറുപുഷ്പം പറയുന്നതു് തന്നെ കേട്ടാലും. "ആ മഹനീയദിനം അടുത്തുവന്നപ്പോൾ ഞാൻ എൻെറ കിടക്കയെ വിടുന്നതിനും മഠത്തിൽ പോകുന്നതിനും ഇടയായി. കൎമ്മങ്ങളുടെ ശേഷം വീണ്ടും ഒന്നുകൂടെ പൗളിനെ– എൻെറ കൊച്ചമ്മയെ ആശ്ലേഷിക്കുന്നതിനും അവളുടെ മടിയിൽ ഇരിക്കുന്നതിനും, ലാളന സ്വീകരിക്കുന്നതിനും എൻെറ ചെറിയ ശിരസ്സിനെ അവളുടെ നവമായ മൂടുപടത്തിനകത്തു ഒളിച്ചുവെയ്ക്കുന്നതിനും ഉള്ള ഭാഗ്യം എനിക്കു് ലഭിച്ചു."

സ്നേഹിതരേ! ഇനിയും നമുക്കു് പൗളിനുമായുള്ള സന്ദൎശനവിവരം തു

ടരാം. ഇന്നലെ നാം അവസാനിപ്പിച്ചത് 'സഹോദരികളോ നിങ്ങൾ തന്നെയൊ ചെറുപുഷ്പത്തിൻെറ ജീവിതകാലത്ത് അവളെ ഒരു പുണ്യവതിയായി കരുതിയിരുന്നോ' എന്ന എൻെറ ചോദ്യത്തിനു പൗളിൻ തന്ന മറുപടിക്കശേഷമാണല്ലോ. അതിനുശേഷം ഞാൻ പൗളിനോട്, 'ചെറുപുഷ്പത്തിൻെറ ബാല്യദശയിൽ അവൾ ഒരിക്കൽ ഒരു പുണ്യവതിയായിത്തീരും എന്നു അവളെ കാണുന്നവക്ക് തോന്നത്തക്ക പരിശുദ്ധതയുടെ വല്ല ലക്ഷണങ്ങളും അവളിൽ ഉണ്ടായിരുന്നോ?' പൗളിൻ–'അച്ചാ! അവളുടെ കുറുക്കുവഴിയുടെ പ്രകൃതി തന്നെ ബാഹ്യപ്രദശനത്തിനടുത്ത സകലത്തേയുമകററിയിരുന്നു. എന്നുവരികിലും അവളുടെ പരിശുദ്ധതയെ അറിയുകയും പരസ്യമാക്കുകയും ചെയ്യുവരും ഇല്ലാതിരുന്നില്ല! എന്നു പറഞ്ഞുകൊണ്ട് താഴെക്കാണുന്ന സംഭവങ്ങൾ പറഞ്ഞുകേൾപ്പിച്ചു

ഒരിക്കൽ വി. കുർബാനയുടെ ഒരു പ്രദക്ഷിണ സമയത്തു ചെറുപുഷ്പം അവളുടെ വലിയ കണ്ണുകളെ ഉയർത്തി സൽപ്രസാദത്തിൽ പ്രസന്നനായിരിക്കുന്ന ദിവ്യരക്ഷകൻെറ സാന്നിദ്ധ്യത്തെ ഓർത്തു അരുളിക്കായിൽ പതിച്ചു പാരവശ്യത്തിൽ മുഴുകിയിരിക്കുന്നതിനെ വളരെ അത്യാശയോടെ അടുക്കലിരുന്നു നോക്കിയിരുന്ന ഒരു ഭക്തയായ മഹതി ദേവാലയംവിട്ടു തിരിച്ചുപോകുമ്പോൾ എന്നോട് "നിങ്ങളുടെ ആ ചെറുസഹോദരി ഒരു മാലാഖയാകുന്നു. അവൾ അധികകാലം ജീവിക്കുന്നെങ്കിൽ അത് ഒരു അത്ഭുതംതന്നെ. എന്നാൽ അവൾ ജീവിക്കുമെങ്കിൽ എൻെറ വാക്കുകളെ ഓർത്തുകൊള്ളുക. അവൾ പുണ്യവതിയായി നാമകരണം ചെയ്യപ്പെടും" എന്നു പറഞ്ഞു. വേറൊരിക്കൽ അവളുടെ കൗമാരകാലത്തു വീട്ടിൽ പണിയെടുക്കുന്നതിനു വന്നിരുന്ന ഒരു കിഴവനായ കൂലിക്കാരൻ മടങ്ങിപ്പോകയിൽ ഞാൻ ചെറുപുഷ്പത്തിൻെറ കുറേ തലമുടി അയാൾക്ക് കൊടുത്തു. അപ്പോൾ അയാൾ 'ഇത് ഞാൻ ഒരു അമൂല്യനിക്ഷേപമായിക്കരുതുന്നു. എന്തുകൊണ്ടെന്നാൽ ഇത് ഒരിക്കൽ ഒരു പുണ്യവതിയുടെ തിരുശേഷിപ്പായിത്തീരും' എന്നു പറഞ്ഞു. ഞാനും ചെറുപുഷ്പവുമായി പട്ടണത്തിലുള്ള തെരുവുകളിൽക്കൂടെ നടക്കുകയിൽ വഴിയാത്രക്കാർ അവളുടെ ശാരീരികഭംഗിയെക്കൊണ്ടെന്നതിനേക്കാൾ അവളിൽ നിന്നും പുറപ്പെട്ടിരുന്ന സ്വർഗ്ഗീയ അഴകാൽ വശീകൃതരായി അവളെ വളരെ നേരം നോക്കിക്കൊണ്ടിരിക്കും. ചെറുപുഷ്പത്തെ അവളുടെ അന്ത്യത്തിൽ ശുശ്രൂഷിച്ചിരുന്ന ഡോക്ടർ ഒരു ദിവസം എന്നോട് "അവൾ എന്തുമാത്രം വേദന സഹിക്കുന്നു എന്നു നിങ്ങൾക്ക് അറിയുവാൻ വഹിയാ. എൻെറ ജീവിതകാലത്തു ഒരിക്കൽപോലും ഇത്രയധികം വേദന അനുഭവിച്ചതോ, അഥവാ അവയെ ഇത്ര സ്വർഗ്ഗീയമായ ആനന്ദത്തോടുകൂടി സഹിക്കുന്നതോ ആയ ഒരാളെ കാണുന്നതിനുപോലും എനിക്കു സാധിച്ചിട്ടില്ല. അവൾ ഒരു മാലാഖാ തന്നെ" എന്നും പറയുകയുണ്ടായി.

ചെറുപുഷ്പത്തിൻെറ അന്ത്യപാപോച്ചാരണം കേൾക്കുന്നതിനായി വന്നിരുന്ന അവളുടെ കപ്ലോനച്ചൻ ഭയാനകമായ ആ വേദനയുടെ ഇടയിൽപോലും അവൾ തേജോമയയും അഴകുള്ളവളും ആയിക്കാണപ്പെടുന്നതിനേക്കണ്ട് വളരെ അത്ഭുതപ്പെട്ടിരുന്നു. വളരെ ബഹുമാനപൂർവ്വമാണ് അദ്ദേഹം അവളെ നോക്കിയിരുന്നത്. അദ്ദേഹം അവൾ കിടക്കുന്ന മുറിയിൽ പ്രവേശിച്ചിരുന്നത് ഒരു പരിശുദ്ധ സ്ഥലത്തു കയറുന്ന സൂക്ഷത്തോടെയായിരുന്നുവെന്ന് എന്നോട് പിന്നീടൊരിക്കൽ പ്രസ്താവിക്കുകയുണ്ടായി. ഒരിക്കൽ അദ്ദേഹം അവിടംവിട്ടു മടങ്ങുകയിൽ പൗളിനോട് "quel ange" എന്തൊരു മാലാഖാ? അവൾ നിശ്ചയമായിട്ടും ദൈവപ്രസാദവരത്തിൽ ഉറപ്പിക്കപ്പെട്ടിരിക്കുകയാണ് എന്നു പറഞ്ഞു. ഇതാണ് ചെറുപുഷ്പത്തിൻെറ ജീവിതദശയിൽ അവളുടെ പരിശുദ്ധതയേപ്പററി അവളേപ്പറിചയമുണ്ടായിരുന്ന ചില ആളുകളുടെ ഏതാനും ചില അറിവുകൾ.

ഇതിനെ തുടൻ ഞാൻ, വളരെ വിവാദത്തിനു കാരണമാക്കിയിരുന്ന

ചെറുപുഷ്പത്തിൻെറ കണ്ണുകളുടെ നിറത്തെപ്പറ്റി ചോദിക്കുകയുണ്ടായി. അതിനു ഉത്തരമായി പൗളിൻ- അവളുടെ കണ്ണുകൾ നീലനിറമുള്ളതല്ല. എന്നാൽ നീലരേഖയോടുകൂടിയതാണ്. ഇതിനെ വിശദപ്പെടുത്തി കാണിക്കുന്നതിന് പച്ചയുടെയും നീലയുടെയും മദ്ധ്യേയുള്ള നിറത്തേ സൂചിപ്പിക്കുന്നതിനു പയ്യാപ്തമായ ഒരു ഫ്റഞ്ചുവാക്കാണ് അവൾ ഉപയോഗിച്ചത്. അവളേ അടുത്തു പരിശോധിക്കാത്തവർ അവളുടെ കണ്ണുകൾ നീലനിറമുള്ളതായിരുന്നു എന്നാണ് വിചാരിക്കുന്നത്. അവൾ പൊക്കം കൂടിയവളും അവളുടെ തലമുടി ചെമ്പിച്ചതും മുഖം ലിലിപ്പുഷ്പസമാനവുമായിരുന്നു. അവളുടെ വായ് ചെറുതും അംഗങ്ങൾ മനോഹരങ്ങളും ആയിരുന്നു. വളരെ മഹിമയോടുകൂടിയാണ് അവളുടെ നടപ്പ്. എന്നാൽ അത് അതേസമയത്തുതന്നെ നിഷ്കപടവും പ്രഭാവത്തോടുകൂടിയതുമായിരുന്നു. അവളുടെ പ്രധാന ലക്ഷണങ്ങളിൽ ഒന്നു അവളുടെ മുഖത്തു സ്ഫുരിച്ചിരുന്ന രാമണീയതവും- ആ ശാന്തത- ആ ദൈവികസമാധാനം- ആയിരുന്നു. ഇത് അവളുടെ കൗമാരത്തിൽ തുടങ്ങിയതാണ്. ചെറുപുഷ്പത്തേ അറിഞ്ഞവരൊക്കെ ഈ രമണീയതയേയും ശാന്തതയേയും കുറിച്ചു അവരുടെ സംസാരവേളയിൽ എന്നോടു പറയുക ഉണ്ടായിട്ടുണ്ട്.

ഇതിൻെറ ശേഷം ചെറുപുഷ്പസഖ്യാംഗങ്ങൾക്ക് ഒരു സന്ദേശം തന്നയക്കണമെന്നു ഞാൻ ആവശ്യപ്പെട്ടു. അവൾ കുറേനേരം ചിന്താമഗ്നയായി നിലകൊണ്ടതിനുശേഷം "വാസ്തവത്തിൽ എന്നിൽ നിന്നുള്ള ഒരു സന്ദേശം അവക്ക് താല്പയ്യജനകമായിരിക്കുമോ?" എന്നു ചോദിച്ചു. ഞാൻ- 'നിശ്ചയമായിട്ടും അവക്ക് താല്പയ്യജനകമായിരിക്കും. നിശ്ചയമായിട്ടും ആയിരിക്കും'. പൗളിൻ- 'ഞാൻ പറയേണ്ടത് എന്താണെന്ന് എനിക്കറിയുവാൻ വഹിയാ. എന്നാൽ ഞാൻ അവക്കുവേണ്ടി പ്രത്യേകമായി അപേക്ഷിക്കുന്നുണ്ടെന്ന് അറിയാമോ?

ഞാൻ- ഇല്ലാ മദർ. കർമ്മലീത്താസഹോദരികൾ ലോകം മുഴുവനും വേണ്ടി അപേക്ഷിക്കുന്നുണ്ടെന്നു അവക്ക് നിശ്ചയമായും അറിയാം.

പൗളിൻ- ചെറുപുഷ്പസഖ്യാംഗങ്ങൾക്കുവേണ്ടി പ്രത്യേകം ഞാൻ അപേക്ഷിക്കാം.

ഞാൻ- അവിടുത്തേ സ്വന്തമായിട്ടല്ലതും- എന്നാൽ പൊതുവാകാത്തതും സാരവത്തായതും ആയ വല്ല അദ്ധ്യാത്മിക ഉപദേശം- നൽകുന്നതിനു മദറിനു സാധിക്കുകയില്ലയോ?

ഇതിനുശേഷം ഒരു പൂർണ്ണനിശ്ശബ്ദത അവിടെ കളിയാടി. സ്വല്പസമയത്തിനുശേഷം അവൾ വീണ്ടും "അമേരിക്കയിലെ ചെറുപുഷ്പസഖ്യത്തിലെ വനിതകളോട് 'അവർ ചെറുപുഷ്പത്തേ ആനന്ദിപ്പിക്കുകയും അവളുടെ പ്രീതിയെ സമ്പാദിക്കണമെന്നു ആഗ്രഹിക്കുകയും ചെയ്യുന്നെങ്കിൽ ക്രമക്കേടായുള്ളതും വിനയരഹിതവുമായ വസ്ത്രധാരണരീതിയേ അവർ പിഞ്ചെല്ലരുതെന്നു" അച്ചൻ അവരോടു അറിയിക്കണം എന്നു പറഞ്ഞു. ഉടനെ ഞാൻ അവൾക്ക് വളരെ ഉപകാരം പറഞ്ഞുകൊണ്ടു "മദർ! ഈ സന്ദേശം ചെറുപുഷ്പസഖ്യത്തിൻെറ ഒരു ഭാഗം ആളുകൾക്ക് മാത്രമേ ആയിട്ടുള്ളല്ലോ, വേറൊരു വലിയ ഭാഗം വഹിക്കുന്നത് പുരുഷന്മാരാണ്. അവക്കുംകൂടി ഒരു സന്ദേശം തന്നയക്കുന്നതിനു കഴിവില്ലയോ?" എന്നു വീണ്ടും ചോദിച്ചു. എൻെറ ഈ ചോദ്യം അവരെ വളരെ ആനന്ദിപ്പിച്ചു. ഉടനെ അവൾ- ഞാൻ- ആവൃതിക്കകത്ത് അടയ്ക്കപ്പെട്ട ഒരു കന്യക,- പുരുഷന്മാക്ക് ഒരു സന്ദേശം അയക്കുകയോ? എന്നു പറഞ്ഞതിനുശേഷം ചിരിച്ചുതുടങ്ങി. അപ്പോൾ ഞാൻ "കൊച്ചുത്രേസ്യായുടെയും ചിരി ഇതുപോലെ ആയിരിക്കണം. എത്ര മാർദ്ദവം. എത്ര കർണ്ണാനന്ദദം. എത്ര ഹാർദ്ദവമായത്. എന്നാൽ എത്രയോ ക്രമീകരിക്കപ്പെട്ടത്. ചെറുപുഷ്പത്തോടു അവളുടെ ജീവിതകാലത്തു വളരെ ദൂരത്തിൽ സ്ഥിതിചെയ്യുന്ന അമേരിക്കാക്കാക്ക് ഒരു സന്ദേശം തന്നയക്കുവാൻ പറഞ്ഞിരുന്നെങ്കിൽ അത് അവളേയും ഇതുപോലെ ആനന്ദിപ്പിച്ചേനേ." എന്നെല്ലാമുള്ള വിചാരങ്ങൾ എൻെറ മന

സ്സിൽ കൂടെ പെട്ടെന്നു കടന്നുപോയി. വീണ്ടും ഞാൻ അവളെ അതിയായി നിർബന്ധിച്ചതിനാൽ വളരെ നേരത്തേ മൗനത്തിനുശേഷം ഇതാ ആ മാർദ്ദവസ്വരം വീണ്ടും മുഴങ്ങിത്തുടങ്ങി. "അവർ ചെറുപുഷ്പത്തേ ആനന്ദിപ്പിക്കുകയും അവളുടെ പ്രീതിയെ സമ്പാദിക്കുകയും ചെയ്യണമെന്നു ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർ അധമവും നീചവും ഹീനവും ആയ സകലത്തിൽ നിന്നും അകന്നിരിക്കുകയും അടുക്കലടുക്കൽ ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്യട്ടെ."

സ്നേഹിതരേ! ചെറുപുഷ്പസഹോദരിയുമായി ഏകദേശം ഒരു മണിക്കൂർ സംസാരിക്കുന്നതിനു എനിക്ക് അവസരം കിട്ടിയതിനേക്കുറിച്ചു ആനന്ദിച്ചും സന്തോഷസാഗരത്തിൽ മുങ്ങിയും പൊങ്ങിയുമാണ് അന്നു ഞാൻ ആ മഠം വിട്ടതു്. വീണ്ടും കുറേ ദിവസങ്ങൾക്കു ശേഷം വേറൊരു സന്ദർശനത്തിനു എനിക്കു അവസരം ലഭിച്ചു. അന്നാണു ഒരു അമൂല്യമായ തിരുശേഷിപ്പു എനിക്കു അവൾ പ്രദാനം ചെയ്തതു്. അതേസംബന്ധിച്ചുള്ള വിവരങ്ങൾ നിങ്ങൾക്ക് അറിവുണ്ടല്ലോ. നാളെ രണ്ടാമത്തേ സന്ദർശനത്തേക്കുറിച്ചും ചെറുപുഷ്പസഹോദരികളായ മരിയയേയും, സെലിനേയും കണ്ടു സംസാരിക്കുന്നതിനു പൗളിനെ പറഞ്ഞു മനസ്സാക്കിയതിനെയും കുറിച്ചുള്ള രസകരമായ വർത്തമാനം വിവരമായി പറഞ്ഞുകേൾപ്പിക്കാം.

(തുടരും.)

---

# മെക്സിക്കൻ വേദസാക്ഷി.

(റവ. ജോൺ കിഴക്കേതയ്യിൽ എസ്. ജെ.)

ഇക്കഴിഞ്ഞ ചിലവർഷങ്ങളായി മെക്സിക്കോയിൽ നടന്നുവരുന്ന വേദകലാപം എല്ലാവർക്കും ഒരു പ്രതിദിന വാർത്തപോലെ ആയിരിക്കുന്നു. സത്യവേദാനുസാരികൾക്കും, മതോപദേഷ്ടാക്കൾക്കും നാനാതരത്തിൽ സർവ്വസങ്കടങ്ങൾ വരുത്തിക്കൂട്ടുന്ന ഈ രാജ്യതന്ത്രജ്ഞന്മാരുടെ നിഷ്ഠുര പ്രവൃത്തികളെക്കുറിച്ചു ഒന്നിലധികം പ്രാവശ്യം കേട്ടു സന്താപബാഷ്പം ചൊരിഞ്ഞിരിക്കുന്ന മാന്യവായനക്കാർക്കു ഈ ലേഖനത്തിൽ വിവരിക്കുവാൻ പോകുന്ന ഈശോസഭാംഗമായ ബ. മൈക്കൽപ്രോ എന്ന വൈദികന്റെ രക്തസാക്ഷിത്വം മർമ്മഭേദകമായിരിക്കുമെന്നതിനു സംശയമില്ല.

മെക്സിക്കോ നഗരവാസികൾ നിഷ്ഠുരഹൃദയന്മാരായ ഭരണാധികാരികളുടെ ക്രൂരകൃത്യങ്ങൾക്കധീനരായി നാനാതര കഷ്ടതകൾ അനുഭവിക്കും തരുണത്തിൽ ഒരു വാത്സല്യമാതാവിനെപ്പോലെ സകലവിധ സഹായങ്ങളും ചെയ്തു പീഡിതരെ ആശ്വസിപ്പിച്ചുവന്ന ഒരു ദേഹമത്രെ ബ. മൈക്കൽപ്രോ എന്ന വൈദികൻ. പതിനാറു മാസങ്ങളോളം ഇടവിടാതെ തന്റെ വാത്സല്യകുഞ്ഞാടുകളെ ക്രൂരചെന്നായ്ക്കളുടെ പിടിയിൽനിന്നു രക്ഷിക്കുവാൻ നിരന്തരപരിശ്രമം ചെയ്തുവന്ന ഈ വന്ദ്യപുരോഹിതന്റെ മതശുശ്രൂഷാന്തി വേണ്ടവണ്ണം ഗ്രഹിച്ചിരുന്ന മതവൈരികൾ അദ്ദേഹത്തെ കാലതാമസമെന്യേ ബന്ധനസ്ഥനാക്കുവാൻ കല്പന കൊടുത്തു.

ഈ വസ്തുത യഥാവസരം മനസ്സിലാക്കിയെങ്കിലും നമ്മുടെ യുവവൈദികൻ തന്റെ ആത്മസംരക്ഷണവേല തുടർന്നുവന്നു. ഒന്നിലധികം പ്രാവശ്യം, തന്നെ ബന്ധിക്കുവാൻ ബദ്ധശ്രദ്ധന്മാരായി പുറപ്പെട്ട ഉദ്യോഗസ്ഥന്മാരോടുകൂടി അദ്ദേഹം വേഷപ്രച്ഛന്നനായി ലഘുഭക്ഷണം കഴിക്കുകപോലുമുണ്ടായി.

എന്നാല്‍ ഈ ജീവിതക്രമം എത്ര നാളാണു ദീര്‍ഘിക്കുവാന്‍ പോകുന്നതു്? ശത്രുവിന്‍െറ പിടിയില്‍ അകപ്പെടാതിരിക്കുന്നതിനു പ്രസ്തുത ജോലിയില്‍നിന്നും തല്‍ക്കാലം വിരമിച്ചു് സന്യാസാശ്രമത്തില്‍ച്ചെന്നു താമസിക്കുവാന്‍ മേലധികാരികള്‍ അദ്ദേഹത്തോടാവശ്യപ്പെട്ടു. ഈ തരുണത്തില്‍ വേദസാക്ഷിമകുടം താന്‍ എത്രമാത്രം ആഗ്രഹിച്ചിരുന്നുവെന്നതു് ഒരു സ്നേഹിതനയച്ച എഴുത്തില്‍നിന്നും ഗ്രഹിക്കാവുന്നതാണു്. "നമ്മുടെ മതത്തിനുവേണ്ടി കഷ്ടപ്പെടുന്നവരെയും, പ്രാണത്യാഗം ചെയ്യുന്നവരെയും സഹായിക്കുവാന്‍ ഞാന്‍ എത്രമാത്രം ആഗ്രഹിക്കുന്നു! എന്നാല്‍ കൂട്ടില്‍ അടയ്ക്കപ്പെട്ട ഒരു പക്ഷിയെപ്പോലെ ഞാനിവിടെ താമസിക്കുന്നു: ഈ വേദസാക്ഷികളില്‍ ഞാനും ഒരുവനാകുവാന്‍ എത്രയോ ആശിക്കുന്നു! എന്നാല്‍ ഈ മധുരത്തേന്‍ എന്‍െറ തടിച്ചനാക്കു് എപ്പോള്‍ ആസ്വദിക്കുമോ?" രക്തസാക്ഷിമകുടലബ്ധിക്കായി സര്‍വ്വേശ്വരനോടു പ്രാര്‍ത്ഥിക്കുവാന്‍ സ്വസഹോദരങ്ങളേക്കൂടെയും അദ്ദേഹം നിര്‍ബ്ബന്ധിച്ചിരുന്നു.

തന്‍െറ അപാരമായ ആഗ്രഹം അപ്രതീക്ഷിതമായി തനിക്കു ലഭിച്ചു. തന്നെ ബന്ധിക്കുവാന്‍ സശ്രദ്ധം തേടിനടന്ന ഭടന്മാര്‍ ഒടുവില്‍ ൧൯൨൭ നവംബര്‍ ൧൮-ാംനു-കാലത്തു 5 മണിക്കു ഫാദര്‍ പ്രോ സ്വപിതാവിന്‍െറ ഭവനത്തില്‍ സ്വസ്ഥമായി നിദ്രചെയ്യുമ്പോള്‍ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി. ഉടനേതന്നെ ബന്ധിതനെ നഗരാധികാരിയുടെ കച്ചേരിയില്‍ കൊണ്ടുപോയി പഴയ പ്രസിഡന്‍റു ഓബ്രഗനെ കൊല്ലുന്നതിനു വെടിവെച്ച രാജദ്രോഹികളില്‍ ഈ വൈദികനും ഒരുവനെന്നു കുററം ആരോപിച്ചു. ഇതു ശുദ്ധ വ്യാജമായിരുന്നു എന്നുള്ളതു മെക്സിക്കോ വാസികള്‍ക്കെല്ലാം അറിയാമായിരുന്നു.

കാരണമെന്യെ ബന്ധിക്കപ്പെട്ട വൈദികന്‍െറ വിധിത്തീര്‍പ്പു് രാജചട്ടത്തിനു ഏററവും വിപരീതമായിരുന്നു. സമാധാന പരിപാലനസംഘക്കാര്‍ക്കു ഒരു പട്ടണവാസിയെ കൊല്ലുവാന്‍ അധികാരമില്ലെന്നുമാത്രമല്ല, വൈദികന്‍ മേല്‍ പ്രസ്താവിച്ചവിധം ഒരു കുററം ചെയ്തിട്ടുണ്ടായിരുന്നാല്‍തന്നെയും പരസ്യമായി കേസ്സു വിസ്തരിക്കേണ്ടതായിരുന്നു. എന്നാല്‍ അകാരണമായി ആരോപിച്ച കുററം തെളിയിക്കുവാന്‍ അസാദ്ധ്യമായിരുന്നതിനാല്‍ രഹസ്യത്തില്‍ ഈ നിരപരാധിയെ വെടിവെച്ചു കൊല്ലുവാനാണു പോലീസു ഉദ്യോഗസ്ഥന്മാര്‍ തീരുമാനിച്ചതു്. ഈ അനീതികൃത്യത്തിന്‍െറ തലേദിവസം വൈദികന്‍ കുററം സമ്മതിച്ചിരിക്കുന്നു എന്നു കപടമായി നഗരാധികാരി വര്‍ത്തമാനപ്പത്രങ്ങള്‍ക്കു എഴുതിഅയച്ചെങ്കിലുംവൈദികന്‍ അതുനിഷേധിച്ചുതനിക്കുമേല്പറഞ്ഞ കുററത്തില്‍ ഒരുസംബന്ധവുമില്ലെന്നു പരസ്യമായി അറിയിച്ചു. ഇതിനു വിരോധമായി നഗരാധികാരിയാതൊന്നും തന്നെ പുറപ്പെടുവിച്ചുമില്ല.

ഇതു മാത്രമോ! ഓബ്രഗന്‍തന്നെ ഈ കുററാരോപണം ഒട്ടുംതന്നെ വിശ്വസിച്ചില്ലെന്നു മാത്രമല്ല, വൈദികന്‍ പോലീസുശിക്ഷയ്ക്കു ഒരുനാളും അര്‍ഹനല്ലെന്നും, അതിനാല്‍ കേസു പരസ്യമായി കച്ചേരിയില്‍ വിസ്തരിക്കണമെന്നും, തന്‍െറ വക്കീല്‍മൂലമായി അദ്ദേഹംനഗരാധികാരി ക്രൂസിനെ അറിയിച്ചു. അതിനു ക്രൂസു സമ്മതിക്കുകയും ചെയ്തുവെന്നതു വാസ്തവം. എന്നാല്‍ ദൈവകല്പിതം ആരാല്‍ നിഷേധിക്കുവാന്‍ സാധിക്കും? ഈ പുരോഹിതവര്യന്‍ രക്തസാക്ഷിത്വംവഴി മോക്ഷമുടി പ്രാപിക്കണമെന്നുതന്നെ ആയിരുന്നു ദൈവചിത്തം.

പിറെറന്നാള്‍ ൧൧ മണിക്കു ബ. മൈക്കല്‍പ്രൊ എന്ന വൈദികനെ വെടിവെച്ചുകൊന്നു എന്ന വര്‍ത്തമാനം ഓബ്രഗന്‍ അറിഞ്ഞപ്പോള്‍ അയാള്‍ വല്ലാതെ അന്ധാളിച്ചു. അതിനുള്ള കാരണമെന്തെന്നും, എന്തുകൊണ്ടു കുററക്കാരനെ പരസ്യമായി വിസ്തരിച്ചില്ലെന്നും നഗരാധികാരിയോടു ചോദ്യം ചെയ്തു. ഇതിനെല്ലാം ക്രൂസിന്‍െറ മറുപടി ഇതത്രെ "നിങ്ങള്‍ പറഞ്ഞതെല്ലാം വാസ്തവം. വൈദികനില്‍ കുററം ആരോപിച്ചിരുന്നുവെങ്കിലും അതിനു വേണ്ട തെളിവുകള്‍ ഇല്ലായിരുന്നു. എ

ങ്കിലും നിങ്ങളുടെ അഭിപ്രായം എന്നെ അറിയിക്കുന്നതിനു മുൻപുതന്നെ, ഞാൻ ചെയ്യേണ്ടതെന്തെന്നു മേലധികാരികളിൽനിന്നു കല്പന വന്നതിനാൽ ആ വിധം ഞാൻ പ്രവർത്തിച്ചു."

ഇതിൽനിന്നും ഫാദർ പ്രോ രാജ്യത്തിനോ, രാജദ്രോഹ കുററത്തിനോ വേണ്ടി ശിക്ഷിക്കപ്പെട്ടവനല്ലെന്നും, എന്നാൽ കത്തോലിക്കമാതാവിൻെറ ബദ്ധവൈരികൾ ഈ വൈദികൻ മൂലം മെക്സിക്കോയിലെ കത്തോലിക്കർക്കുണ്ടാകുന്ന നിരവധി ഗുണങ്ങളെകണ്ടു സഹിക്കവഹിയാതെ അദ്ദേഹത്തെ ഏതുവിധത്തിലെങ്കിലും നിർമ്മൂലമാക്കി കത്തോലിക്കമതം പാടേ വിപാടനം ചെയ്യണമെന്നുള്ള ഏകോദ്ദേശാർത്ഥം ഈ കുററമററ കുഞ്ഞാടിനെ കൊലചെയ്തുവെന്നുള്ളതും വിശദമാണല്ലോ.

മരണസമയം ഈ വൈദികൻ പ്രദർശിപ്പിച്ച ധൈര്യവും ശാന്തതയും അതിശയനീയമത്രെ. നഗരാധികാരി തന്നെ ഇതേപ്പററി അത്ഭുതപ്പെട്ടതായി പറയപ്പെടുന്നു. ഫാദർ പ്രോ മരണസമയത്തിൽ തൻെറ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചതു ഈശോമിശിഹായുടെ കുരിശുമരണ സമയത്തെ പ്രാർത്ഥനയെയത്രെ ഓർമ്മയിൽ വരുത്തുന്നതു്. ഈ വൈദികതിലകത്തെ കൊലക്കളത്തിലേക്കു കൊണ്ടുപോകുമ്പോൾ ഘാതകരിൽ ഒരുവൻ തൻെറ കുററം ക്ഷമിക്കണമെന്നു അപേക്ഷിച്ചു. അപ്പോൾ അദ്ദേഹത്തിൻെറ മറുപടി ഇതായിരുന്നു:- ഞാൻ നിന്നോടു ഹൃദയപൂർവം ക്ഷമിക്കുന്നു. നിനക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു. മാത്രമല്ല എനിക്കു ചെയ്യുന്ന ഈ പരമോപകാരത്തിനു നിന്നോടെന്നേയ്ക്കും ഞാൻ കടപ്പെട്ടിരിക്കുകയും ചെയ്യുന്നു.

നിശ്ചിത സ്ഥലത്തെത്തി വൈദികൻ മുട്ടിന്മേൽ വീണു് അല്പനേരം എരിവോടെ പ്രാർത്ഥിച്ചശേഷം, ക്രൂസലെന്യേ, വെടിവെയ്ക്കുവാൻ നിരന്നു നിന്നിരുന്ന ഭടന്മാരുടെ നേരെ തിരിഞ്ഞുനിന്നു. ഈവിധം സസന്തോഷം മരണം വരിക്കുന്ന മാനുഷരും ഉണ്ടോ എന്നു വിചാരിച്ചു ഘാതകന്മാർ അത്ഭുതപ്പെട്ടു. പിന്നീടു ആ വൈദികരത്നം തൻെറ മുഖകമലം ആകാശത്തിലേക്കുയർത്തി "എൻെറമേൽ ആരോപിച്ച കുററത്തിൽ ഞാൻ നിരപരാധിയെന്നതിനു സർവേശ്വരൻതന്നെസാക്ഷി" എന്നു പരസ്യമായി പറഞ്ഞശേഷം വലത്തുകയ്യിൽ തൂങ്ങപ്പെട്ടരൂപം പിടിച്ചു് സർവ്വേശ്വരൻ നിങ്ങളുടെമേൽ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു അവിടെക്കൂടിയിരുന്ന സകലരേയും ആശീർവദിച്ചു. തദനന്തരംതൻെറ ഇരുകരങ്ങളേയും കുരിശുഭാഷയിൽ വിരിച്ചു. വലത്തുകയ്യിൽ കുരിശും, ഇടത്തുകയ്യിൽ ജപമാലയും ഏന്തി "എൻെറ വിരോധികളോടു ഞാൻ മനപ്പൂർവ്വം ക്ഷമിക്കുന്നു" എന്നുച്ചരിച്ചുകൊണ്ടു ഘാതകന്മാർ തന്നെ വെടിവെയ്ക്കുന്നതിനു തലകുനിച്ചു തയ്യാറായിനിന്നു. തൽക്ഷണം ഹിംസകന്മാർ വെടിയും പൊട്ടിച്ചു. വെടിയുണ്ടകൾ തൻെറ ശരീരത്തിൽ പാഞ്ഞുകയറി രക്തം ചൊരിഞ്ഞതോടെതൻെറ പരിശുദ്ധാത്മാവു പരമപിതാവിൻെറ പക്കലേക്കു, പരമാനന്ദ ലബ്ധിക്കായി പറന്നുപോയി. ഈ വിധം ൧൯൨൭ നവംബ്ബർ ൨൩-ാംനു- ബ. മൈക്കൾ പ്രൊഅച്ചൻ തൻെറ ൩൭-ാമത്തെ വയസ്സിൽ രക്തസാക്ഷി മകുടം സ്വീകരിച്ചു. അദ്ദേഹത്തിൻെറ അനുജൻ ഹംബർട്ടും വെടിയുണ്ടയാൽ പരലോകപ്രാപ്തനായി.

ഇതെല്ലാം അറിഞ്ഞു്, ൭൦ വയസ്സു പ്രായമായ അവരുടെ വാത്സല്യപിതാവു മക്കളുടെ മൃതശരീരമെങ്കിലും കാണവാനുള്ള ആശയാൽ, വധസ്ഥലത്തെത്തി തൻെറ മക്കളെ കാണണമെന്നാവശ്യപ്പെട്ടു. ഉടനെ പ്രേതമഞ്ചത്തിൽ നിക്ഷേപിതമായിരുന്ന മൃതശരീരം തുറന്നു ആ സ്നേഹപിതാവു പുത്രവാത്സല്യത്താലുണ്ടായ വ്യസനം അത്ഭുതമാംവണ്ണം അടക്കി, രക്തമലിനമായ തൻെറ പുത്രൻെറ മുഖം ഒരു തുവാലയാൽ തുടച്ചശേഷം ചുംബനംചെയ്തു. ഈ രക്തകണങ്ങൾ പതിഞ്ഞ തുവാല മൂലമായി തൽക്ഷണം ഒരത്ഭുത സംഭവം നടന്നതായി പറയപ്പെട്ടിരിക്കുന്നു.

അതിൻെറ ശേഷം പ്രേതമ

ഞ്ചം പതിനയ്യായിരത്തിൽപരം ജനങ്ങളുടെ അകമ്പടിയോടുകൂടി ശവകുടീരത്തിലേക്കു കൊണ്ടുപോകുമ്പോൾ, സകലരുടേയും ഐകകണ്ഠ്യനയുള്ള 'ക്രിസ്തുരാജൻ വിജയിക്കട്ടെ; വേദസാക്ഷികൾ വിജയിക്കട്ടെ' എന്ന സന്തോഷധ്വനി നാടെല്ലാം മുഴങ്ങിയിരുന്നു. ശവസംസ്കാരത്തിനുശേഷം വേദസാക്ഷികളുടെ വൃദ്ധപിതാവിൻെറ അപേക്ഷയാൽ 'തെദേവും' എന്ന സ്തോത്രഗീതം പാടുകയും ചെയ്തു.

ഈ സംഭവം വായിക്കുന്ന ഏവരും മത വൈരികളെ ദ്വേഷിക്കുന്നതിനു പകരം അവരുടെമേൽ സർവശക്തൻ കരുണയോടെ വർത്തിച്ചു, വേദകലാപം കഴിയുംവേഗം ശമിക്കുവാൻ പ്രാർത്ഥിക്കുമല്ലോ.

---

## ൧൧൦൫ മീനമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതു നിയോഗം.

### സമത്വവാദ വിദ്വേഷം.



മനുഷ്യരെല്ലാവരും ഒരേ പിതാവിൻെറ മക്കളാണെന്നും സാഹോദര്യത്തോടും സമത്വത്തോടുംകൂടെ വർത്തിക്കേണ്ടവരാണെന്നുമുള്ള തത്വത്തെ ലോകത്തിൽ ഇദംപ്രഥമമായി കാണിച്ചുകൊടുത്തതും, ഇപ്പോഴും അതിനെ ബലമായി ആദരിച്ചുകൊണ്ടുപോരുന്നതുമായ വല്ല സ്ഥാപനവുമുണ്ടെങ്കിൽ അതു് കത്തോലിക്കാ സഭ മാത്രമാണ്. എങ്കിലും സഭയെ സ്വാതന്ത്ര്യത്തിൻെറയും സമത്വത്തിൻെറയും ശത്രുവെന്നാണു ചിലർ വിളിച്ചുവരുന്നതു്. ഇതിൻെറ കാരണമെന്താണെന്നു മനസ്സിലാക്കാൻ ഇന്നു ലോകത്തിലേക്കു ദൃഷ്ടികളെ തിരിച്ചാൽ മാത്രംമതി. സ്വാതന്ത്ര്യം സമത്വം എന്നുള്ള നിലവിളി നാലു ഭാഗത്തുനിന്നും കേൾക്കുന്നുണ്ടെങ്കിലും അതിനെ ശരിയായി മനസ്സിലാക്കി വേണ്ടപോലെ ഉപയോഗിക്കുന്നവർ ചുരുങ്ങും. ഇപ്രകാരം സമത്വത്തിൻെറ പേരു പറഞ്ഞു ലോകത്തെ തലകീഴമറിച്ചു നശിപ്പിക്കുന്നതിനു നിരന്തരയത്നം ചെയ്യുന്ന ഒരു കൂട്ടരാണു സമത്വവാദികൾ, കൊമ്യൂണിസ്റ്റുകാർ ആദിയായ പേരുകളാൽ അറിയപ്പെടുന്നവർ. എല്ലാവർക്കും സർവ്വസ്വാതന്ത്ര്യവും പൂർണ്ണസമത്വവും ലഭിച്ചുകൊടുക്കാമെന്നുള്ള വാഗ്ദാനത്താൽ സാധുക്കളെ വ്യാമോഹിപ്പിക്കുന്ന ഈ വകക്കാരെക്കൊണ്ടു ലോകത്തിനുണ്ടാകുന്ന നാശം അവർണ്ണനീയമെന്നേ പറവാനുള്ളു. പൊതുജനങ്ങളിൽ അതൃപ്തി കുത്തിച്ചെലുത്തി, അവരേ നിയമലംഘനത്തിനു പ്രേരിപ്പിക്കയും, തദ്വാരാ വ്യവസ്ഥാപിതമായ ഗവമ്മെൻറിനെയും, സമുദായത്തെയും, സാമ്പത്തികഘടനയേയും ഉന്മൂലനം ചെയ്യുകയുമാകുന്നു കമ്യൂണിസ്റ്റുകാരുടെ ആദർശം. നാശകരമായ ഈ ആദർശത്തെ സർവ്വത്ര പ്രചരിപ്പിക്കുന്നതിലേക്കു അവർ ചെയ്യാത്ത ശ്രമങ്ങളൊന്നുമില്ലാ. എല്ലാ രാജ്യങ്ങളിലും അവരുടെ പ്രചാരണ വേലകൾ നടക്കുന്നുണ്ടു്. ഇപ്പോൾ നടക്കുന്ന ഏതൊരു തൊഴിലാളി വഴക്കിൻെറയും, രാഷ്ട്രീയ വിപ്ലവത്തിൻെറയും, സാമുദായിക ബഹള

ത്തിൻെറയും അടിയിൽ നോക്കിയാൽ കമ്യൂണിസ്റ്റ്കാരുടെ കൈ അവിടെയെല്ലാം ഉള്ളതായിക്കാണും. ഗവമ്മെൻറുകൾ ഇവക്കെതിരായുള്ള നടപടികൾ എല്ലാ സ്ഥലങ്ങളിലും തുടങ്ങിയിട്ടുണ്ട്. ഇൻഡ്യയിലേക്ക ഈ വിഷവായു സംക്രമിക്കാതെയിരിക്കുന്നതിനു കശ്നമായ ഒരു നിയമം തന്നെ നടപ്പിലാക്കാൻ ആലോചിച്ചു വരുന്നു. തത്സംബന്ധമായ പ്രചാരണജോലികളിലേപ്പെട്ടിരിക്കുന്നവരെ കണ്ടുകിട്ടിയാൽ നാട്ടുകടത്തത്തക്കവണ്ണമാണു ഏപ്പാടുചെയ്തുവരുന്നതു്. ഈ നിലയിൽ കത്തോലിക്കർ ഈ ബാധയെ ഏതു വിധമാണു കരുതി പ്രവത്തിക്കേണ്ടതെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. സവ്വാത്മനാ ഇതിനെ വെറുക്കുകയും, അതിൻെറ ആുടങ്ങളിൽ നിന്നും അകന്നു നടക്കുകയും ചെയ്യുന്നതു കൂടാതെ, ലോകം ഈ ഭയങ്കര നാശത്തിൽ നിന്നു വിമുക്തമാകുന്നതിന്നു വേണ്ടി നാം പ്രത്യേകിച്ചു പ്രാത്ഥിക്കുകയും ചെയ്യണം.

ഏപ്രിൽമാസം. — രോഗികളുടെ ശുശ്രൂഷ.

---

# കം: നാടറയുടെ കുഞ്ഞുമക്കൾകൾ.

## I. വി. യോഹന്നാൻ ബക്കുമാൻസ്.

### 3. വേറൊരു സാക്ഷി.

അക്കാലത്തു ബൽജിയത്തിലെ കീത്തിപ്പെട്ട നോട്ടർഡാം പള്ളിയിലെ വികാരി പത്രോസ് എമേറിക്ക് എന്ന ഒരു പുണ്യപ്പെട്ട ദേഹമായിരുന്നു. വൈദികാന്തസ്സിലേക്ക ചാച്ചിലുള്ള ഏതാനും ചെറുപ്പക്കാരെ അദ്ദേഹം പള്ളിമുറിയിൽ താമസിപ്പിച്ച് തഴക്കിവന്നു. ആ കൂട്ടത്തിൽ ചേന്നാൽ കൊള്ളാമെന്നു നമ്മുടെ കൊച്ചുയോഹന്നാനും ഒരു ആഗ്രഹം തുടങ്ങി. നിർദ്ധനരായ മാതാപിതാക്കന്മാരുടെ അപേക്ഷയനുസരിച്ചു പത്രോസച്ചൻ അതിനു സമ്മതിക്കയുംചെയ്തു. ഗുരുപ്പട്ടത്തിനു പഠിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കു അന്നു ചെറുപ്പത്തിൽ തന്നെ ഒരുതരം ളോവ കൊട്ടത്തിരുന്നു. അതനുസരിച്ച് വൈദികവസ്ത്രം ആദ്യം ധരിച്ചപ്പോൾ കൊച്ചുയോഹന്നാനുണ്ടായ സന്തോഷം പറയാവതല്ല.

പത്രോസച്ചനു തൻെറ പുതിയ വിദ്യാത്ഥിയുടെ വില മനസ്സിലാക്കാൻ അധിക താമസം വേണ്ടിവന്നില്ല. പ്രായത്തിൽക്കവിഞ്ഞ പക്വപാകം, സംസാരത്തിലും പെരുമാററത്തിലുമുള്ള വിനയം, പഠനത്തിലുള്ള ഉത്സാഹം, പുണ്യത്തിലുള്ള ശുഷ്കാന്തി, ഇതെല്ലാം കണ്ടു് അദ്ദേഹം അത്ഭുതപ്പെട്ടുകതന്നെചെയ്തു. ഒരിക്കൽ കുറേ അധികനേരത്തേയ്ക്കു യോഹന്നാനെ കാണാതെയായി. അന്വേഷിച്ചു ചെന്നപ്പോൾ ആരും കാണാത്ത ഒരു മൂലയിൽ ഒരു വലിയ പെട്ടിക്കകത്തു മുട്ടുകുത്തിനിന്നു പ്രാത്ഥിക്കുന്നതായി കാണപ്പെട്ടു. സൽസ്വഭാവികളായ കുട്ടികളല്ലാതെ യോഹന്നാനോടു ചെങ്ങാത്തത്തിനു ചെന്നാൽ ഫലമില്ലെന്നു അവിടങ്ങളിലൊക്കെ സംസാരമായി. ദുർഗ്ഗുണം നിറഞ്ഞ ലോകത്തിലെ വിഷവായു അശേഷം തട്ടിയിട്ടില്ലാത്ത ഒരു മാലാഖായാണിതെന്നു പത്രോസച്ചൻ അഭിപ്രായപ്പെട്ടു. അതിനാൽ പുണ്യബാലനെ വേഗം ദിവ്യകാരുണ്യം സ്വീകരിപ്പിപ്പാൻ അദ്ദേഹം ഒരുക്കംതുടങ്ങി. അന്നത്തേ മുറയ്ക്കു പ്രായം തികഞ്ഞിരുന്നില്ലെങ്കിലും വന്ദ്യനായ ആ വൈദികൻ യോഹന്നാനു വിശുദ്ധ കുർബാന നൽകി. അന്നുമുതൽ യോഹന്നാൻെറ പുണ്യവദ്ധനവു അത്ഭുതകരമായിരുന്നു. ദൈവജനനിയുടെ നേക്കു

ള്ള ഭക്തിയിലും പുണ്യവാൻ അവിടെ വച്ചു വളരെ അഭിവൃദ്ധി പ്രാപിച്ചു. ബൽജിയത്തിൽ മോണ്ടേയിഗു എന്ന സ്ഥലത്തു മാതാവിന്റെ ഒരു കീൎത്തിപെട്ട തീൎത്ഥസ്ഥലമുണ്ടായിരുന്നു. അവിടെച്ചെന്ന് പലപ്പോഴും ഈ പരിശുദ്ധ അമ്മയോടു പ്രാൎത്ഥിക്കയും, മാതാവിനോടു പ്രാൎത്ഥിച്ചാൽ ഏതു മനോഗുണവും ലഭിക്കുമെന്നു എല്ലാവരോടും ഉപദേശിക്കയും ചെയ്തുവന്നിരുന്നു.

പ്രിയകുഞ്ഞുങ്ങളെ, ചെറുപ്പകാലത്തിൽ മേല്പറഞ്ഞ വിധത്തിലൊക്കെ വളൎന്നുവരുന്ന പല സുഗന്ധപുഷ്പങ്ങൾ നിങ്ങളുടെ കൂട്ടത്തിലും ഉണ്ടാകാതിരിക്കയില്ല. എന്നാൽ എന്താണു സംഭവിക്കുന്നതു്? ഈ മാലാകാമാർ എങ്ങിനെയാണു് പിശാചുക്കളായിത്തീരുന്നതു്? നൂററിനു തൊണ്ണൂററൊമ്പതും ദുഷ്ടക്കൂട്ടുകാർ വഴിയാണെന്നുള്ളതിനു സംശയമില്ല. ഹാ! എന്തൊരു നിൎഭാഗ്യം! ഇനിയെങ്കിലും നിങ്ങൾ ഇക്കാൎയ്യത്തിൽ സൂക്ഷിക്കാമെന്നു ഒരു പ്രതിജ്ഞചെയ്യാമോ? അതിൽ സ്ഥിരമായി നില്ക്കുന്നതിനുള്ള മനോഗുണം വി. യോഹന്നാനോടു ഈ മാസത്തിൽ പ്രത്യേകം പ്രാൎത്ഥിക്കാമോ?

## II. ഈമാസത്തെ മദ്ധ്യസ്ഥൻ വി. തോമ്മസ് അക്വിനാസ്.

(തിരുനാൾ മാൎച്ച് 7-ാംനു- വ്യാഴാഴ്ച.)

കീൎത്തിപ്പെട്ട ശാസ്ത്രജ്ഞനായ ഈ പുണ്യവാൻ പതിമൂന്നാം ശതാബ്ദത്തിൽ ഇററലിരാജ്യത്തിൽ വിളങ്ങിയിരുന്നു. ലോകത്തിൽ നിത്യഭാഗ്യം പ്രാപിക്കുന്നതിനുള്ള അപകടങ്ങൾ കണ്ടു ഭയപ്പെട്ടു് ഇദ്ദേഹം വി. ഡൊമ്മ്നീക്കോസിന്റെസഭയിൽപ്രവേശിക്കയും,പുണ്യത്തിലും ശാസ്ത്രത്തിലും ഏവരുടെയും അത്ഭുതവിഷയമായിത്തീരുകയുമാണ് ചെയ്തതു്. സന്യാസത്തിൽ പ്രവേശിക്കുന്നതിനു ബന്ധുജനങ്ങൾ പല തടസ്സം ചെയ്തു കൂട്ടത്തിൽ പുണ്യവാന്റെ ശുദ്ധതയെ നശിപ്പിക്കുന്നതിനായി ഒരു ദുഷ്ടസ്ത്രീയെ ഇദ്ദേഹത്തിന്റെ പക്കലേക്കയച്ചു. ഒരു തീക്കൊള്ളി എടുത്തു പുണ്യവാൻ അവളെ ഓടിച്ചുകളകയും, ഈ വിജയത്തിന്റെ സമ്മാനമായി തൽക്ഷണം ഒരു ദൈവദൂതൻ കാണപ്പെട്ടു് ഇദ്ദേഹത്തിന്റെ അരയിൽ ഒരു വാറു കെട്ടുകയുമുണ്ടായി. പിന്നീടൊരിക്കലും കന്യാവ്രതത്തിന്നെതിരായ പരീക്ഷപോലും അദ്ദേഹത്തിനുണ്ടായിട്ടില്ല. വി. തോമ്മായേ! ചാവുദോഷത്താൽ ദൈവത്തെ ഉപദ്രവിക്കുന്നതിനേക്കാൾ മരിപ്പാൻ ഞങ്ങൾക്കു മനോഗുണം തരുവിക്കണമേ.

## III. കെ. സി. സി. ഏ. ഡയറി.

ജനുവരി മാസത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന മത്സരത്തിനു ഉത്തരം ഒന്നുംതന്നെ കിട്ടിയിട്ടില്ല. കഴിഞ്ഞ ഒരാണ്ടിൽ ഓരോമാസത്തെ മദ്ധ്യസ്ഥന്മാരോടു, മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും പ്രാൎത്ഥിച്ചിട്ടുള്ളവർ ആ മദ്ധ്യസ്ഥന്മാർ പന്ത്രണ്ടുപേരുടെയും പേരുകൾ എഴുതി അയക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നതു്. ആരും എഴുതി അയച്ചിട്ടില്ല. അതിനാൽ ആരും ഇല്ലെന്നുതന്നെ അൎത്ഥം.

* * *

മാസമദ്ധ്യസ്ഥന്മാരെ എന്തിനാണു നിശ്ചയിച്ചിരിക്കുന്നതു്? അവരേക്കൊണ്ടു നാം എന്തു ഫലമാണു് എടുക്കേണ്ടതു്? എന്നു ഇത്തവണ അല്പം പറയേണ്ടിയിരിക്കുന്നു. അതാതു മാസത്തേക്കു നാം തെരഞ്ഞെടുക്കുന്ന ആ പരിശുദ്ധൻ അഥവാ പരിശുദ്ധയുമായി നാം പരിചയപ്പെടണം. അവരുടെ ജീവചരിത്രത്തിന്റെ ഒരു സംഗ്രഹമെങ്കിലും നാം മനസ്സിലാക്കണം. അനന്തരം ആ മാസം മുഴുവൻ അവരെ കണ്ടുപഠിപ്പാൻ ശ്രമിക്കയും നമ്മുടെ എല്ലാ ആവശ്യങ്ങളിലും അവരുടെ സഹായം തേടുകയും ചെയ്യണം. ഒടുവിൽ അവൎക്കു ഉപകാരസ്മരണ ചെയ്തു മാസം അവസാനിപ്പിക്കണം. ഇങ്ങനെ പല മ

ദ്ധ്യസ്ഥന്മാരുമായി പരിചയപ്പെട്ടുകഴിയുമ്പോൾ നമ്മുടെ മരണനേരത്ത് എത്രമാത്രം സഹായികൾ നമുക്കുണ്ടാകും. വി. ബക്ക്മാൻസു പുണ്യവാൻ ഈ തരത്തിൽ പല സ്നേഹിതന്മാരേ ശേഖരിച്ചിരുന്നു. വി. സ്റ്റനിസ്ലാവോസ് പുണ്യവാൻ ഈ മദ്ധ്യസ്ഥന്മാരുടെ പേരുകൾ ചേർത്തുള്ള ഒരു ലുത്തിനിയാ മരണനേരത്തിൽ ചൊല്ലിക്കൊണ്ടു ഭാഗ്യമരണം പ്രാപിച്ചു. ഇതാണു മാസമദ്ധ്യസ്ഥന്മാരെക്കൊണ്ടുള്ള ഉപയോഗം. ഏതായാലും പോയതു പോകട്ടെ. മേലാലെങ്കിലും ഇക്കാര്യത്തിൽ പ്രത്യേകം താല്പര്യപ്പെടാൻ ശ്രമിക്കണം. യോഗാരംഭത്തിൽ മാസമദ്ധ്യസ്ഥന്റെ പേരുവിളിച്ചു അപേക്ഷിക്കണമെന്നുള്ള ക്രമവും ഓ ഓർമ്മയിലുണ്ടായിരിക്കട്ടെ.

* * *

കഴിഞ്ഞതവണത്തെ മത്സരവിഷയം കണ്ടിരിക്കുമല്ലൊ. ശ്രമിച്ചിട്ടുള്ളവർ ഫലം എഴുതി അയക്കുക. മാർച്ചു മ സത്തേക്കു, കഴിഞ്ഞകൊല്ലം നൂററുക്കു എഴുപതു ശതമാനം വീതമെങ്കിലും സാധാരണ യോഗങ്ങളിൽ ഹാജരായിട്ടുള്ളവരുടെ പേരുകൾ സെക്രട്ടറിമാർ എഴുതിഅയച്ചു തന്നാൽ അവരുടെ പേരുകൾ ചിട്ടിയിട്ടെടുത്തു മുൻപോലെ സമ്മാനം അയച്ചുകൊടുക്കുന്നതാണ്. സാധാരണ യോഗങ്ങളിൽ ഹാജരുവിളിക്കു പതിവില്ലയോ?

* * *

പരീക്ഷകാലമാണു. എല്ലാവരും നല്ലപോലെ ശ്രമിച്ചു പഠിക്കണം. നല്ലപോലെ അപേക്ഷിക്കയും ചെയ്യണം. യൌസേപ്പു പിതാവു ഈ കാര്യങ്ങളിലെല്ലാം പ്രത്യേക മദ്ധ്യസ്ഥനാണെന്നു മറന്നുപോകരുതു. ഞാനും വിശേഷവിധമായി പ്രാർത്ഥിച്ചുകൊള്ളാം.

* * *

കഴിഞ്ഞമാസം പൊതുഫണ്ടു ന൱ രൂപാ വരവുൾപടെ ആകെ ഇപ്പോൾ ൧൦൱ രൂപാ നീക്കിയിരുപ്പുണ്ട്.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

---

## പുതിയ പ്രസിദ്ധീകരണങ്ങൾ.

### 1. ഗൃഹോപദേശിക.

കൊൺവേർഷ്യൻലീഗു. പുത്തൻപള്ളി.
വരാപ്പുഴ, വില 8 അണ.

വരാപ്പുഴ അതിരൂപതയിൽപ്പെട്ടവരായി പുത്തൻപള്ളി സെമ്മിനാരിയിലുള്ള ക്ലേരികൾ ചേർന്നു എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ "ഗൃഹോപദേശിക" കത്തോലിക്കാ കുടുംബങ്ങളിലുള്ള ആബാലവൃദ്ധം അംഗങ്ങളേയും ഹൃദ്യമായി ഉപദേശിക്കാൻ തക്ക ഒരു പ്രബോധകനാണു. ചെറുകഥകൾ, ശാസ്ത്രതത്വങ്ങൾ, ജീവചരിത്രങ്ങൾ, ആദിയായി ഭക്തിജനകങ്ങളായ നാനാവിധ വിഷയങ്ങളെപ്പററി ശ്രുതിമധുരമായ രീതിയിൽ ഇതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ക്രൌൺ വലിപ്പത്തിൽ 200 പക്ഷങ്ങളും, ആരംഭത്തിൽ വരാപ്പുഴ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ ഒരു ഛായാപടവും ഇതിൽ അടങ്ങിയിരിക്കുന്നു.

### 2. സുവിശേഷപ്രകാശികാവലി.

മദ്ധ്യസ്ഥൻ ആഫീസു, ചങ്ങനാശേരി.

ചങ്ങനാശ്ശേരി സെൻറു ജോസഫ്സ് ഓർഫനേയ്ജു പ്രസ്സിൽനിന്നു റവ. ഫാദർ ഡോമ്നിക്ക് തോട്ടാശ്ശേരി എം. ഏ. എൽ. ററി. അവർകളുടെ പ്രസാധകത്വത്തിൽ മേല്പറഞ്ഞ പേരോടുകൂടി ഒരു ഗ്രന്ഥശേഖരം ആരംഭിച്ചിരിക്കുന്നതായിക്കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. കോളജുലെക്ചറർ ദിവ്യശ്രീ മററത്തിൽ കുഴ്യൻ കത്തനാർ അവർകളുടെവക 'സന്മാതൃകാഫലം' (വില ൨ ചക്രം) 'ഒരു വഞ്ചിയോ പല വഞ്ചിയോ' (വില ഒരണ) ഇങ്ങനെ രണ്ടുകൃതികൾ ഈ ഗ്രന്ഥാവലിയിൽ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പ്രസിദ്ധീകരണങ്ങൾ രണ്ടും പ്രകാശികാവലിക്കു ചേർന്ന അലംകാരങ്ങൾതന്നെ. മേലുമേൽ ഈ ഗ്രന്ഥാവലി പുഷ്ടിപ്രാപിച്ചു കാണ്മാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

# വർത്തമാന സംഗ്രഹം.

വത്തിക്കാൻ സന്ധി ഒപ്പിട്ട ദിവസം വലിയ തണുപ്പും മഴയുമുള്ള ഒരു ദിവസമായിരുന്നു എങ്കിലും ജോൺ ലാറെററാൻ ദേവാലയത്തിൻെറ മുററത്തു ഇതു പ്രമാണിച്ചു അനവധി ജനങ്ങൾ വന്നുകൂടിയിരുന്നു.

മൂന്നു നിറമുള്ള ഇററാലിയൻ ജാതീയ കൊടിയോടൊന്നിച്ചു ഇരുനിറമുള്ള മാർപ്പാപ്പായുടെ കൊടികളും റോമാപ്പട്ടണത്തിൽ സർവ്വത്ര തൂക്കിയിരുന്നു. 60 കൊല്ലമായി മാർപ്പാപ്പായുടെ ഈ കൊടികൾ പുറത്തെടുക്കാതിരുന്നതാണു.

മുസ്സോലീനിയോടൊന്നിച്ചു ഒട്ടേറെ ഫഷീസ്റ്റി നേതാക്കന്മാരും ലാറെററാനിലേക്കു വന്നിട്ടുണ്ടായിരുന്നു. ഫെബ്രുവരി 11-ാംനു- തിങ്കളാഴ്ച ഉച്ചയോടടുത്തു ടിയാണു മൂന്നുടമ്പടികൾക്കും കാർഡിനൽ ഗസ്പാറിയും സിഞ്ഞോർമുസ്സോലീനിയും ഒപ്പു വച്ചതു.

ഒപ്പു വയ്പു സംബന്ധിച്ച ചടങ്ങുകൾ ഏകദേശം 20 മിനിററുനേരം ദീർഘിച്ചു. അനന്തരം ഒപ്പുവയ്ക്കുന്നതിലേക്കുപയോഗിച്ച സ്വർണ്ണത്തൂലികകൾ കാർഡിനൽ ഗസ്പാറി തിരുമനസ്സുകൊണ്ടു സിഞ്ഞോർ മുസ്സോലീനിക്കു സമ്മാനിച്ചു. ഒപ്പു വച്ചുകഴിഞ്ഞ വിവരം പുറത്തേയ്ക്കു അറിയിച്ച ഉടനെ ജനങ്ങളുടെ ആഹ്ളാദം അവർണ്ണനീയമായിരുന്നു. മാർപ്പാപ്പാ ദീർഘായുഷ്മാനായിരിക്കട്ടെ. ഗസ്പാറി ദീർഘായുഷ്മാനായിരിക്കട്ടെ. മുസ്സോലീനി ദീർഘായുഷ്മാനായിരിക്കട്ടെ എന്നു ജനക്കൂട്ടം ദീർഘനേരത്തേയ്ക്കു ആർത്തുവിളിച്ചു.

ലാറെററാൻ അരമനയുടെ പ്രവേശനസ്ഥലത്തു അണിനിരന്നു നിന്നിരുന്ന പ്രൊപ്പഗാന്ത വിദ്യാർത്ഥികൾ തൽക്ഷണം ഏക സ്വരത്തിൽ 'തെദേവും' എന്ന സ്തോത്രഗീതം പാടി. ഫഷീസ്റ്റിപട്ടാളം "പാപ്പായും മുസ്സോലീനിയും വിജയിക്കട്ടെ" എന്ന ബാൻറുനാദം മുഴക്കി.

വസ്തുതർക്കം തീർക്കുന്നതിലേക്കു ഒരു രാഷ്ട്രീയ ഉടമ്പടിയും, മതവിഷയമായ സംഗതികളെ സംബന്ധിച്ച ഒരു കോൺകോർദാത്തും, പണമേല്പാടിനെപ്പററിയുള്ള ഒരു കൊൺവെൻഷ്യനും ഇങ്ങനെ മൂന്നുടമ്പടികളാണു് ഒപ്പിട്ടിട്ടുള്ളതു.

ഉടമ്പടികളിലെ പൂർണ്ണവിവരങ്ങൾ ഇതേവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഒപ്പുവച്ചുകഴിഞ്ഞയുടനെ ഔദ്യോഗികമായ ഒരു സംക്ഷേപവിവരം പുറത്തായതിൽനിന്നാണു ഇതേവരെ കിട്ടിയിട്ടുള്ള വർത്തമാനങ്ങൾ.

മാർപ്പാപ്പായുടെ അനുഗ്രഹാനുസരണം രാജ്യാതിർത്തി ചുരുക്കുകയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുകയുമാണു ചെയ്തിട്ടുള്ളതു്. ഇപ്പോഴത്തേ വത്തിക്കാൻ തോട്ടത്തിൻെറ വടക്കോട്ടും കിഴക്കോട്ടും നെടുകെ ഏതാനും മൈലുകളായിരിക്കും പുതിയ വത്തിക്കാൻ രാജ്യം. വില്ലാ ഗബ്രിയേല്ലി, വില്ലാ സക്കേത്തി മുതലായവ കൂടാതെ ഡോറിയാ പംഫീലി എന്ന ഒരു വിസ്തീർണ്ണപ്രദേശവും ഇതിൽ ഉൾപ്പെട്ടമെന്നു കാണുന്നു.

സ്വാതന്ത്ര്യമായി അന്യരാജ്യങ്ങളിലേക്കുള്ള കമ്പി, ടെലഫോൻ മുതലായി എല്ലാ അവകാശങ്ങളും പരിശുദ്ധപിതാവിനുണ്ടായിരിക്കുന്നതാണു്.

## മനോഗുണവിവരങ്ങൾ.

☞ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേറടച്ചു അപേക്ഷിക്കണം.

അനേക വൈദ്യന്മാർ ചികിത്സിച്ചിട്ടു സുഖമാകാതിരുന്ന എൻെറ ഭാര്യയുടെ സുഖക്കേടു തിരുക്കുടുംബത്തിൻെറയും വി. കൊച്ചുത്രേസ്യായുടേയും സഹായത്താൽ സുഖപ്പെട്ടതിന്നു ഉപകാരസ്മരണ.

വി. വി. ജോസഫ് അരുവിത്തുറ.

കറുമ്പനാടത്തു മാന്നലക്കുന്നിൽ സ്ഥാപിച്ചിട്ടുള്ള തിരുക്കുടുംബത്തിൻെറ സഹായത്താൽ എൻെറ സുഖക്കേടു ഭേദമായതിന്.

സി. ററി. ജെ. മണിമല.

വി. കൊച്ചുത്രേസ്യായുടെയും മാർ അന്തോ

റീസു പുണ്യവാൻെറയും മാദ്ധ്യസ്ഥത്താൽ എൻെറ ഭാര്യയുടെ അസാദ്ധ്യരോഗം നീങ്ങിയതിന്. വി. പോൾ പൂവത്തുശ്ശേരി.

ഈശോയുടെതിരുഹൃദയത്തിൻെറയും അതിരമ്പുഴ വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന്.

കൊല്ലപ്പള്ളിൽ അവുസേപ്പ അതിരമ്പുഴ

വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ ഒരു കുട്ടിയ്ക്കു അസാദ്ധ്യമായ ദീനം സുഖമായതിന്. എസ്. ജെ. കറവിലങ്ങാട്.

തിരുഹൃദയ സഹായത്താൽ തൻെറ സഹോദരി പരീക്ഷയിൽ പാസ്സായതിനും, വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ എൻെറ അമ്മയുടെ സുഖക്കേടു കുറവായതിനും. ഇ. സി. ജോസഫ്.

തിരുകുടുംബത്തിൻെറയും വി. കൊച്ചുത്രേസ്യായുടെയും മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനും മനസ്സമാധാനം പ്രാപിച്ചതിനും. പി. യു. അന്നക്കുട്ടി. കൃതതാട്ടുകുളം

കാണാതെപോയ ഒരു പശുക്കുട്ടി വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ കണ്ടുകിട്ടിയതിന്. എ. റി ജി. കൊല്ലം

തിരുഹൃദയത്തിൻെറയും വി. കൊച്ചുത്രേസ്യായുടെയും മാറന്തോറീസിൻെറയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സിധിച്ചതിന്. ജെ. ജെ. പി. അതിരമ്പുഴ.

ഈശോയുടെ തിരുഹൃദയത്തിൻെറയും വി. കൊച്ചുത്രേസ്യായുടെയും മാദ്ധ്യസ്ഥത്താൽ പരീക്ഷയിൽ വിജയിയായതിന്.

കെ. എം. മാത്യു കോസനല്ലൂർ.

എൻെറ ഭാര്യയുടെ സുഖക്കേടു വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ സുഖപ്പെട്ടതിനും ഭാര്യയുടെ പ്രസവം സുഖമായി കഴിഞ്ഞതിനും. കെ. റി. അന്തീനാട്.

വി. കൊച്ചുത്രേസ്യായുടെയും മാർ യൌസേപ്പ പിതാവിൻെറയും മാദ്ധ്യസ്ഥതയിൽ എൻെറ സുഖക്കേടു മാറിയതിനു ഉപകാരസ്മരണ. റി. ജോസഫ് അരുവിത്തുറ.

## ചരമ വാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി 'കുസുമ'വായനക്കാർ പ്രാർത്ഥിപ്പാറാകണം.

പൈകപ്പള്ളിയിടവക പുത്തൻപുരയിൽ മത്തായി മാപ്പിളയുടെ ഭാര്യ ശ്രീമതി മറിയാമ്മ ജനുവരി 15-നു 25 വയസ്സ്.

കൊല്ലപ്പള്ളിച്ചന്തയിൽ കച്ചവടം പെരുമാടിക്കുന്നേൽ കൊക്കാനിക്കരെ മത്തായി മാപ്പിള അവർകളുടെ മകൾ ശ്രീമതി ത്രേസ്യാക്കുട്ടി ജനുവരി 16-നു 3 വയസ്സ്.

കാവാലം 359-ാം നമ്പർ കെ. സി. സി. എ. സംഘാംഗമായ നെടുമ്പറമ്പിൽ മി. എൻ. എസ്. ജോസഫ് ജനുവരി 16-ാംനു 14 വയസ്സ്.

എളങ്ങുളം പള്ളിയിടവക വടക്കേവയലുങ്കൽ ശ്രീമതി അന്നാമ്മ ജനുവരി 24-നു 62 വയസ്സ്.

വാഴക്കുളം ഇടവക വട്ടംകുന്നും പുറത്തു ബ. സിറിയക്ക ശമ്മാശനവർകളുടെ മാതാമഹൻ നെടുങ്ങാട്ടു പുള്ളേലിക്കൽ വക്കി അയ്പു മാപ്പിള അവർകൾ ജനുവരി 26-നു 84 വയസ്സ്.

പൈങ്ങാട്ടൂർ പള്ളിയിടവക ചെറുകാട്ടു കുഞ്ഞിത്തൊമ്മൻ മാപ്പിള അവർകളുടെ മകൻ മി. കുഞ്ഞുവക്കി ജനുവരി 30-നു 20 വയസ്സ്.

രാമപുരം ഇടവക ഇടിഞ്ഞപുഴെ മിററത്താനിക്കൽ തൊമ്മൻ മാപ്പിള അവർകൾ ഫെബ്രുവരി 5-ാംനു 86 വയസ്സ്.

മഞ്ഞോട്ടു പള്ളിയിടവക പറപ്പിള്ളിൽ ബ. അബ്രാഹം ശമ്മാശനവർകളുടെ മാതാവു ശ്രീമതി അന്നമ്മ ഫെബ്രുവരി 5-ാം നു 55 വയസ്സ്.

കുമരകം നവ നസ്രത്തു പള്ളിയിടവക കണിയാമ്പറമ്പിൽ തൊമ്മൻ മാപ്പിള അവർകളുടെ മകളും അതിരമ്പുഴ അമ്പലത്തുങ്കൽ മി. തോമ്മായുടെ ഭാര്യയുമായ ശ്രീമതി മറിയാമ്മ ഫെബ്രുവരി 9-ാംനു 21 വയസ്സ്.

മാന്നാനംസെൻറു ജോസഫ്സ്കൂൾ അദ്ധ്യാപികയായിരുന്ന കൈപ്പുഴ ഇടവക ശ്രീമതി പി. എൽ. അന്നാമ്മ ഫെബ്രുവരി 17-ാംനു 48 വയസ്സ്.

# പഞ്ചാംഗം.

പുസ്തകം ൧൯. ·൨൨൨ ഞായറാഴ്ച അക്ഷരം . ൦

## ൧൯൨൯ മാർച്ച് — ൧൧൦൪ കുംഭം - മീനം.

മാർ യൌസേപ്പ് പുണ്യവാന്റെ വണക്കമാസം.

| | | | | | |
|---|---|---|---|---|---|
| 1 | 18 | വെ | ന. കു. ആ. (ഒരു നേ.) | | റോ. |
| 2 | 19 | ശ | ശ. ന. കു. ആ. | | റോ. |
| 3 | 20 | ഞാ | ✠ നോമ്പ ൩-ാം ഞായർ ന. കു. ആ. | ·൭൧·൭·൨ | റോ |
| 4 | 21 | തി | പം. വേ. ലൂസി. ന. ആ. കു. വെ. | | വെ. |
| 5 | 22 | ചൊ | ചൊ. ന. കു. ആ. | | റോ |

എൽത്തുരുത്ത് നാല്പതുമണി ആരംഭം

| | | | | | |
|---|---|---|---|---|---|
| 6 | 23 | ബു | ✻അ മൌ. മ. ക്രുറില്ലോസ് ന. കു. വെ. | | വെ. |
| 7 | 24 | വ്യാ | മൌ. മ. തോമ്മാ അക്വീനാസ് ന. ആ. കു. വെ. | | വെ. |
| 8 | 25 | വെ | ✻ന ക. തിരുമുറിവുകൾ ന. ആ. കു. വെ. (ഒരു നേ.) | | ച്യ. |
| 9 | 26 | ശ | നാല്പതു വേദസാക്ഷികൾ ന. ആ. കു വെ. | | ച്യ. |
| ● 10 | 27 | ഞാ | ✠നോമ്പ ൪-ാം ഞായർ ന. കു. ആ. | ·൭൫·൩·൫ | റോ. |

മാർ യൌ. പിതാവിന്റെ നവനാൾ തുടങ്ങുന്നു

| | | | | | |
|---|---|---|---|---|---|
| 11 | 28 | തി | ന. കു ആ. | | റോ. |
| 12 | 29 | ചൊ | പാ. മൌ. ഗ്രിഗോരിയോസ് ന. ആ. കു. വെ. | | വെ. |
| 13 | 30 | ബു | ന. കു. ആ. | | റോ. |
| 14 | 1 | വ്യാ | ന. കു. ആ. | | റോ. |
| 15 | 2 | വെ | ✻ ീ. ക. തിരുരക്തം ന. ആ. കു. വെ. (ഒരു നേ ) | | ച്യ. |
| 16 | 3 | ശ | വന. അബ്രാഹം ന. ആ. കു. വെ. | | വെ. |

ഇന്നു റംശാക്കുമുമ്പ് പീഠത്തിന്മേലുള്ള സ്ലീവാകളും സ്വരൂപങ്ങളും റോയിസ് നിറമുള്ള തുണികൊണ്ടു മൂടുന്നു.

| | | | | | |
|---|---|---|---|---|---|
| 17 | 4 | ഞാ | ✠നോമ്പ ൫-ാം ഞായർ ന. കു. ആ. | ·൭൧·൦·൨ | റോ. |
| 18 | 5 | തി | ✻ഗബ്രിയേൽ റേശ് മാലാഖ ന. ആ. കു. വെ. | | വെ. |
| 19 | 6 | ചൊ | മാർ യൌ. പിതാവിന്റെ മരണം ന. കു. വെ. | | വെ. |
| 20 | 7 | ബു | ന. കു. ആ | | റോ. |
| 21 | 8 | വ്യാ | ആബാ ബെനദിക്തോസ് ന. ആ. കു. വെ. | | വെ. |
| 22 | 9 | വെ | ✻എ ഭാ. ക. മറി. ൭ വ്യാകു. ന. ആ. കു. വെ. (ഒരു നേ.) | | വെ. |
| 23 | 10 | ശ | ശ ന. കു. ആ. | | റോ. |
| 24 | 11 | ഞാ | ✠നോമ്പ ൬-ാം ഞായർ ഓശാന ന. കു. ആ. | ·൭൨·൧·൨ | റോ. |

☞ നാളെ കടം.

| | | | | | |
|---|---|---|---|---|---|
| ⊕ 25 | 12 | തി | കന്യക മറി. മാലാഖാ വചനിച്ച തിരുനാൾ ന. കു. വെ. | | വെ. |
| 26 | 13 | ചൊ | ന. കു. ആ. | | റോ. |
| 27 | 14 | ബു | ന. കു. ആ. | | |
| 28 | 15 | വ്യാ | (†) തിരുവ്യാഴം കർത്താവിന്റെ അത്താഴം ന. കു. ആ. | | വെ. |
| 29 | 16 | വെ | (†) ദുഃഖവെള്ളി. ന. ആ (ഒരു നേ.) | | |
| 30 | 17 | ശ | ദുഃഖശനി. ന. ആ. (ഒ. നേ.) | | |

ഇന്നു മുതൽ ത്രിത്വത്തിന്റെ തിരുനാളിന്റെ തലേദിവസംവരെ ത്രികാല ജപമായി 'പരലോകരാജ്ഞി' നിന്നുകൊണ്ടു ചൊല്ലുന്നു.

| | | | | | |
|---|---|---|---|---|---|
| 31 | 18 | ഞാ | ✠ന. ക. ഉയിർപ്പു എട്ടു ദി. ന. കു. വെ. | ൨൫൫·൫·൨·൫ | വെ. |

☞ അടുത്ത അഞ്ചാംനു- ആദ്യവെള്ളി.

Printed and Published for the Proprietor, by P. K. Joseph, at the St. Joseph's Press, Mannanam 1929.